RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

വാല്യം 8 ● ലക്കം 6 ● ഫെബ്രുവരി 2026 ● വില: 18 രൂപ

വെണ്മ

മലയാളം മാസിക

പുതിയ കാഴ്ചകൾ

LINEN PARK®
DHOTIS • SHIRTS • TROUSERS • FABRICS
by
RAMRAJ

RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

സദ്ഗുണങ്ങളുടെ വഴി ഏതാണ് എന്ന് നമ്മെ കാട്ടി, അതിലൂടെ സഞ്ചരിക്കേണ്ടതിന്റെ ആവശ്യം ഉണർത്തി, നമ്മുടെ സ്വഭാവത്തെ മഹത്തരമാക്കുന്ന മാർഗങ്ങൾ പറഞ്ഞു തരുന്ന

സ്വഭാവ മഹിമ

പ്രത്യേക പതിപ്പ്

എന്ന ഈ ഉപയോഗപ്രദമായ മാസിക താങ്കൾക്ക് നൽകുന്നതിൽ അഭിമാനമുണ്ട്.

സദ്ഗുണങ്ങൾ ആത്മവിശ്വാസം നൽകും

പ്രിയരേ,

നല്ല കഥകൾ നമ്മെ ധീരരാക്കും. വഴിയറിയാതെ ഉഴലുന്നവർക്കു പോലും ദിശ കാട്ടുന്ന വിധത്തിൽ നമ്മുടെ പൂർവികർ കഥകൾ വഴി ദിശ നമുക്ക് പറഞ്ഞു തന്നു. കഥകൾ കേട്ടാണ് കുട്ടികൾ വളരുന്നത്. ചരിത്ര പുരുഷന്മാരുടെ ലക്ഷ്യം പോലും ഇതിഹാസങ്ങളാണ് ചൊല്ലിക്കൊടുത്തത്.

നമ്മുടെ കുടുംബങ്ങളിൽ മുത്തശ്ശി മൂത്തച്ഛന്മാരുടെ ജോലി തന്നെ പേരക്കിടാങ്ങളെ കഥ പറഞ്ഞു പരിശീലിപ്പിക്കുകയാണ്. നമ്മെ നല്ല വഴിക്കു നയിക്കുന്ന നന്മയുടെ കഥകളാണ് അവർ ചൊല്ലിത്തരിക. എന്തു ചെയ്യണം, എന്ത് ചെയ്തു കൂടാ എന്ന് മരുന്ന് പഞ്ചസാരയിൽ പൊതിയുന്നതു പോലെ അവർ പറഞ്ഞു തന്നു. കഥകൾ കേട്ടു വളർന്ന കുട്ടികൾ തങ്ങളുടെ മനസ്സിലും കഥയുടെ ലോകത്തെ സൃഷ്ടിച്ചു. അതിനു ശേഷം കഥ പറയുന്നത് കുട്ടികളായി.

ഇന്നും ചില ഗ്രാമങ്ങളിൽ ഹരിശ്ചന്ദ്ര പുരാണം പല കലാരൂപങ്ങളിൽ അവതരിപ്പിക്കാറുണ്ട്. ഹരിശ്ചന്ദ്രന്റെ കഥ കേട്ടാണ് എന്തു വന്നാലും സത്യം മാത്രമേ പറയൂ എന്ന പാഠം രൂഢമൂലമായി നമ്മുടെ ഹൃദയത്തിൽ പതിഞ്ഞത്.

മുനികളിൽ മഹാമുനിയാണ് വസിഷ്ഠൻ. 'എന്റെ ശിഷ്യൻ ഹരിശ്ചന്ദ്രൻ ജീവിതത്തിൽ ഒരു നുണയും പറയാത്തവനാണ്. അദ്ദേഹം സത്യം മാത്രമേ പറയൂ,' വസിഷ്ഠൻ ഒരു സദസ്സിൽ അഭിമാനത്തോടെ അവകാശപ്പെട്ടു. വസിഷ്ഠരുടെ ആ അഹങ്കാരം തകർക്കണമെന്ന് മറ്റൊരു മഹാമുനിയായ വിശ്വാമിത്രൻ തീരുമാനിച്ചു. 'മനുഷ്യർ സന്ദർഭങ്ങൾ അനുസരിച്ചാണ് പെരുമാറുന്നത്. അതിനാൽ താങ്കളുടെ ശിഷ്യൻ ഹരിശ്ചന്ദ്രൻ കഠിനമായ ഒരു സ്ഥിതിവിശേഷം വരുമ്പോൾ സ്വാഭാവികമായും നുണ പറയും. ഞാൻ അത് തെളിയിച്ചു തരാം.' വിശ്വാമിത്രൻ വസിഷ്ഠരെ വെല്ലുവിളിച്ച് ശപഥം ചെയ്തു. ഇരുവരും തമ്മിൽ ഒരിക്കലും അവസാനിക്കാത്ത പകയും ഉണ്ട്.

വിശ്വാമിത്രൻ തന്റെ തപശ്ശക്തിയാൽ ഒരു രാക്ഷസനെ ഒരു കാട്ടുപന്നിയാക്കി മാറ്റി. അതിനോട് ഹരിശ്ചന്ദ്രൻ പരിപാലിക്കുന്ന പൂങ്കാവനം തകർത്തു വരാൻ മഹാമുനി ആവശ്യപ്പെട്ടു. കാട്ടുപന്നി വിശ്വാമിത്രൻ പറഞ്ഞതു പോലെ ഹരിശ്ചന്ദ്രന്റെ നന്ദാവനം തകർത്ത് താറുമാറാക്കി. അവിടെ ജോലി ചെയ്ത ആർക്കും അതിനെ നേരിടാൻ കഴിഞ്ഞില്ല. ഹരിശ്ചന്ദ്രനെ പന്നിയുടെ വിളയാട്ടത്തെപ്പറ്റി അവർ ധരിപ്പിച്ചു. പന്നിയെ കൊല്ലാതെ മറ്റൊരു മാർഗവുമില്ല എന്ന നിലയായി.

വില്ലാളിവീരനായ ഹരിശ്ചന്ദ്രൻ പന്നിയെ വകവരുത്താൻ നിശ്ചയിച്ചു. പന്നിയുടെ രൂപത്തിലുള്ള രാക്ഷസൻ വഴി കാട്ടിക്കൊണ്ടെന്ന പോലെ കുതിച്ചു പാഞ്ഞു. ഹരിശ്ചന്ദ്രനും അതിനെ തുരത്തിക്കൊണ്ടേയിരുന്നു. പക്ഷേ പന്നി പെട്ടെന്ന് അപ്രത്യക്ഷനായി.

ആകെ അവശനായ ഹരിശ്ചന്ദ്രൻ അരുവിയിൽ നിന്ന് വെള്ളം കുടിച്ച് അതിന് അരികിൽ ഇരുന്നു. അപ്പോൾ അവിടെ വന്ന ഒരു വൃദ്ധൻ ഹരിശ്ചന്ദ്രനെ ധർമ്മശാസ്ത്രത്തിൽ നിന്നുള്ള ചില പാഠങ്ങൾ പഠിപ്പിച്ചു. ശിഷ്യനെ തേടി വരുന്ന ഗുരുവിനെപ്പോലെ ആ വൃദ്ധൻ തന്റെ അറിവ് മുഴുവനും ഹരിശ്ചന്ദ്രന് കൈമാറി. ആൾപെരുമാറ്റം ഇല്ലാത്ത ആ കാട്ടിൽ വൃദ്ധൻ എന്തു ചെയ്യുകയാണെന്ന് ഹരിശ്ചന്ദ്രൻ ആലോചിച്ചു. 'എന്റെ മകളുടെ വിവാഹ ശേഷം ഞാൻ ഏതാണ്ട് ദരിദ്രനായി. താമസിക്കാൻ ഒരു ഇടമില്ലാതെ അലഞ്ഞു നടക്കുകയാണ്' വൃദ്ധൻ പറഞ്ഞു. അദ്ദേഹത്തോട് അനുകമ്പ തോന്നിയ ഹരിശ്ചന്ദ്രൻ പറഞ്ഞു, 'ഈ വയസ്സുകാലത്ത് നിങ്ങൾ കഷ്ടപ്പെടേണ്ട. എന്നെ കൊട്ടാരത്തിൽ വന്നു കാണുക. നിങ്ങൾക്കു വേണ്ട സമ്പത്ത് ഞാൻ തരാം,' ഹരിശ്ചന്ദ്രൻ പറഞ്ഞു.

അടുത്ത ദിവസം ആ വൃദ്ധൻ കൊട്ടാരത്തിൽ

എത്തി. 'രാജാവേ, താങ്കൾ ഇന്നലെ വാക്കു പറഞ്ഞതു പോലെ എനിക്ക് താങ്കളുടെ എല്ലാ സമ്പത്തും തരിക.' വാക്കു പാലിച്ചില്ലെങ്കിൽ താൻ നുണ പറഞ്ഞു എന്ന നില വരും എന്നറിയാവുന്ന ഹരിശ്ചന്ദ്രൻ രാജ്യവും കൊട്ടാരവും ആ വൃദ്ധന് കൈമാറി.

'എല്ലാം ശരി, കാട്ടിൽ ഞാൻ താങ്കളെ ധർമ്മശാസ്ത്രം പഠിപ്പിക്കുകയുണ്ടായല്ലോ. താങ്കൾ അത് പഠിക്കുകയും ചെയ്തു. അതിനുള്ള ഗുരുദക്ഷിണ എവിടെ?' വൃദ്ധൻ ചോദിച്ചു, തന്റെ കൈവശം ഒന്നുമില്ല എന്നോർത്ത് ഹരിശ്ചന്ദ്രൻ ദുഃഖിതനായി. വൃദ്ധന് താൻ എല്ലാം നൽകും എന്ന വാക്കു പാലിക്കാൻ അദ്ദേഹം സാവകാശം ചോദിച്ചു. അദ്ദേഹം ഭാര്യയും കുഞ്ഞുമായി കാശിക്കു പോയി ചെറിയ ചെറിയ ജോലി ചെയ്തു.

രാജാവ് ആയിരുന്ന അദ്ദേഹം ശ്മശാനത്തിൽ ജഡം ദഹിപ്പിക്കുകയാണിപ്പോൾ. ഭാര്യയും കുഞ്ഞും ഒരു ധനികന്റെ വീട്ടിൽ ജോലി ചെയ്യുന്നു. തോട്ടത്തിൽ ജോലി ചെയ്യുമ്പോൾ ഹരിശ്ചന്ദ്രന്റെ മകൻ പാമ്പ് കടിയേറ്റു മരിച്ചു. അവന്റെ ജഡം അടക്കം ചെയ്യാനുള്ള പണം നൽകാൻ പോലും ഇല്ലാതെ ഹരിശ്ചന്ദ്രനും ഭാര്യയും വിഷമിച്ചു.

അപ്പോൾ അവിടെ വച്ച് വൃദ്ധൻ അയാളെ കണ്ട് ചോദിച്ചു, 'എന്തിനാണ് ഇത്ര കഷ്ടപ്പെടുന്നത്. എനിക്ക് വാക്കു പാലിക്കാൻ കഴിയില്ല,' എന്ന് പറഞ്ഞാൽപോരേ? 'അങ്ങനെ ചെയ്താൽ വാക്കു പാലിക്കാത്തവൻ എന്ന പേര് എനിക്ക് വരും. ഹരിശ്ചന്ദ്രനായ ഞാൻ ഒരിക്കലും നുണ പറയില്ല,' ഹരിശ്ചന്ദ്രൻ പറഞ്ഞു. അദ്ദേഹം പറഞ്ഞ വാക്കു പാലിക്കാൻ സ്വയം അടിമയായി മറ്റൊരാൾക്ക് വിറ്റു. ആ പണം ദക്ഷിണയായി നൽകി വാക്കു പാലിച്ചു.

വൃദ്ധന്റെ രൂപത്തിൽ ഹരിശ്ചന്ദ്രനെ പരീക്ഷിച്ചത് വിശ്വാമിത്രനായിരുന്നു. 'എത്രയോ കടുത്ത ശോകം വന്നിട്ടും സത്യം കൈവിടില്ലെന്ന ദൃഢനിശ്ചയം താങ്കൾ പാലിച്ചു. താങ്കളുടെ പ്രശസ്തി എന്നെന്നും നിലനിൽക്കും' എന്ന് ഹരിശ്ചന്ദ്രനെ അദ്ദേഹം വാഴ്ത്തി. ദാനമായി നൽകിയ രാജ്യവും അധികാരവും അദ്ദേഹം തിരികെ നൽകി. മകനെയും പുനർജീവിപ്പിച്ചു.



കുഞ്ഞു പ്രായത്തിൽ കേട്ട ഹരിശ്ചന്ദ്രൻ കഥ ജീവിതത്തിൽ നുണ പറയരുത് എന്ന ദൃഢശപഥമെടുക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചു. തന്റെ ജീവിത കാലം മുഴുവൻ അദ്ദേഹം അത് മുറുകെപ്പിടിച്ചു. ഒരു സാധാരണ കുഞ്ഞിനെ മഹാത്മാവാക്കി മാറ്റിയതിൽ ഹരിശ്ചന്ദ്രൻ കഥയ്ക്ക് വലിയ പങ്കുണ്ട്.

കരുത്തുറ്റ നല്ല ഒരു ജീവിതത്തിന് വഴികാട്ടുന്ന നന്മയുടെ കഥകൾ നമ്മുടെ അടുത്ത തലമുറയെ പഠിപ്പിക്കേണ്ടത് സുപ്രധാനമാണ്. കുട്ടികൾക്കു മാത്രമല്ല, മുതിർന്നവർക്കും ജീവിത പോരാട്ടത്തിൽ ആത്മവിശ്വാസം നൽകുന്ന നല്ല പാതയാണ് സദ്ഗുണങ്ങൾ. ഈ മാസത്തെ വെണ്മ പുതിയ കാഴ്ചകൾ സ്വഭാവ മഹിമയുടെ പ്രാധാന്യത്തെയും ശരിയായ വഴി കണ്ടുപിടിക്കാനുള്ള മാർഗങ്ങളെയും പറ്റി നിങ്ങൾക്ക് അറിവ് പകരുന്നതാണ്.



The Culturepreneur

ഗുരു കൃപ
സമസ്ത ഐശ്വര്യങ്ങളും നേർന്നു കൊണ്ട്,

കെ ആർ നാഗരാജൻ
സ്ഥാപകൻ
രാംരാജ് കോട്ടൺ

സദ്ഗുണങ്ങൾ ഭക്ഷണം പോലെ ഉത്തമം

ഓട്ടപ്പന്തയത്തിൽകുതിച്ചുപായുന്നമുയലിനെതോൽപിച്ച ആമയുടെ കഥ അറിയാത്തവർ ആരുമുണ്ടാകില്ല. കുട്ടികളെ പഠിപ്പിക്കുന്ന സദ്ഗുണ കഥകളിൽ പ്രമുഖ സ്ഥാനത്താണ് ഈ കഥ.

ഓട്ടപ്പന്തയത്തിൽ നല്ല വേഗത്തിൽ ഓട്ടം തുടങ്ങിയ മുയൽ ആമപെട്ടെന്നൊന്നുംമുന്നിൽ വരില്ല എന്നു കരുതി പാതി വഴിക്ക് ഉറങ്ങുന്നു. ആമയാകട്ടെ സാവധാനം ശ്രദ്ധയോടെ മുന്നേറി വിജയിച്ചു. അലസതയും അവഗണനയും കാണിക്കുന്നവർ ജീവിതമത്സരത്തിൽ തോറ്റു പോകും എന്നതിന് മുയൽ ഉദാഹരണം. സാവകാശം മുന്നേറിയാലും, പരിശ്രമം കൈവിടാതെ പ്രവർത്തിക്കുന്നവർ ജയിക്കും എന്നതിന് ആമ ഉദാഹരണം.

ഈ കഥ ഇപ്പോൾ പല രൂപങ്ങളിൽ കാണപ്പെടുന്നു. അതിലൊന്ന് രസകരമാണ്. കുട്ടികൾക്ക് അത് ഏറെ ഇഷ്ടപ്പെടും. 'നല്ല വേഗത്തിൽ ഓടി വന്ന മുയൽ എന്തിനാണ് പാതിയിൽ ഉറങ്ങിയത്? ഇനിയും കുറച്ചു നേരം ഓടിയിരുന്നെങ്കിൽ ജയിക്കില്ലായിരുന്നോ?' എന്ന് ചിലർ ചോദിക്കുന്നു. ആ ചോദ്യമാണ് ഈ പുതുക്കഥയുടെ ആധാരം.

ഈ കഥയിൽ, മുയൽ യഥാർത്ഥത്തിൽ ഉറങ്ങുന്നില്ല. വളരെ വേഗത്തിൽ ഓടി വന്ന മുയൽ ആമയെ പിന്നിൽ കാണുന്നില്ലല്ലോ എന്നോർത്ത് വലിയ സങ്കടത്തിലായി. അത് വന്ന ശേഷം ഓടാമെന്നു കരുതി മുയൽ ഒരു ആൽമരത്തണലിൽ വിശ്രമിച്ചു. അപ്പോൾ അകലെ നിന്ന് വെള്ളം വീഴുന്ന ശബ്ദം മുയൽ കേട്ടു. പോയി നോക്കിയപ്പോൾ ഒരു അരുവിയാണ്. അരുവിയിൽ വെള്ളം കുടിച്ച് നീന്താം എന്ന് മുയൽ കരുതി.

അരുവിയുടെ കരയിൽ ഒരു സന്ന്യാസിയെ കണ്ട് മുയൽ ചെന്ന് നമസ്കരിച്ചു. 'മുയൽ, നീ എന്തു ചെയ്യുന്നു?' എന്ന് സന്ന്യാസി ചോദിച്ചു.

'ഞാൻ ഒരു ഓട്ടപ്പന്തയത്തിൽ മത്സരിക്കുകയാണ്,' മുയൽ പറഞ്ഞു

'എന്തിനു വേണ്ടി മത്സരം?' സന്ന്യാസി ചോദിച്ചു.

‘കാട്ടിലുള്ള എല്ലാ മൃഗങ്ങളെയും എന്റെ വേഗം തെളിയിക്കണ്ടേ?’

‘ശരി, അത് പന്തയത്തിൽ ഓടി കാട്ടേണ്ട ആവശ്യമുണ്ടോ?’

‘എനിക്ക് സമ്മാനം കിട്ടും. പണം ലഭിക്കും അത് വച്ച് എനിക്ക് ആവശ്യമായ ഭക്ഷണം വാങ്ങാം.’

’ഈ കാട്ടിൽ ധാരാളം ഭക്ഷ്യവസ്തുക്കൾ ഉണ്ട്. എത്രയോ കായ്കളും ചെടികളുമുണ്ട്. ഇതിനപ്പുറം എന്തു വേണം?’

‘എന്നാലും ഏറ്റവും വേഗമുള്ള മുയൽ എന്ന് പേര് സമ്പാദിക്കേണ്ടേ?’

‘ശരി, ആയിരം വർഷങ്ങൾക്കു മുമ്പ് ഇവിടെ ജീവിച്ച വേഗമേറിയ മാൻ, ഏറ്റവും വലിയ ആന, കരുത്തുറ്റ സിംഹം ആരെയെങ്കിലും നിനക്കറിയാമോ?’

‘അറിയില്ല.’

‘അങ്ങനെയെങ്കിൽ നിന്റെ പേര് മറ്റുള്ളവർ ഓർക്കുമെന്ന് നീ കരുതുന്നുവോ?’

‘അറിയില്ല.’

‘എന്നിട്ടും നിന്റെ പേര് മാത്രം എല്ലാവരും ഓർക്കുമെന്ന് എന്തു കൊണ്ടാണ് നീ പ്രതീക്ഷിക്കുന്നത്?’ സന്ന്യാസിയുടെ ഈ ചോദ്യത്തിന് ഉത്തരം മുട്ടി മുയൽ അന്തിച്ചു നിന്നു.

‘ആരുമായാണ് നീ പന്തയം വച്ചിരിക്കുന്നത്?’ സന്ന്യാസി വീണ്ടും ചോദിച്ചു.

‘ആമയുമായാണ് മത്സരിക്കുന്നത്.’

’ഇന്ന് നീ ആമയുമായാണ് മത്സരിക്കുന്നത്. നാളെ മാൻ വരും. മറ്റൊരു ദിവസം ചീറ്റപ്പുലി വരും. ജീവിതം മുഴുവൻ മത്സരിച്ച് നിന്റെ വേഗം മറ്റുള്ളവരെ അറിയിക്കാനാണോ പുറപ്പാട്?’ ഇത് കേട്ട മുയൽ ആലോചിച്ചു തുടങ്ങി.

‘ഗുരുജി പറയുന്നത് ശരി തന്നെ. അങ്ങ് എന്റെ കണ്ണുകൾ തുറന്നു. ഓരോരുത്തരോടും മത്സരിക്കുന്നത് എന്റെ ജോലി അല്ല. എന്റെ ജീവിതം എനിക്ക് ഇഷ്ടപ്പെട്ട വിധം ജീവിക്കുന്നതാണ് ശരി. ഞാൻ പന്തയത്തിൽ നിന്ന് പിൻവാങ്ങുകയാണ്’ എന്ന് പറഞ്ഞ ശേഷം മുയൽ അരുവിയിൽ ചാടി ആനന്ദത്തോടെ കളിക്കാൻ തുടങ്ങി.

‘മുയൽ പന്തയത്തിൽ തോറ്റിരിക്കാം. പക്ഷേ തന്റെ ജീവിതം തിരിച്ചു പിടിച്ചു’ എന്ന ഗുണപാഠം നൽകുന്നു ഈ കഥ. അർത്ഥമില്ലാത്ത മത്സരങ്ങളിലേക്ക് എടുത്തു ചാടാതെ, മറ്റുള്ളവരെ അനുകരിക്കാതെ, ജീവിതത്തിൽ നമുക്ക് ഇഷ്ടമുള്ള കാര്യങ്ങൾ ചെയ്താൽ നാം ജയിക്കും എന്നതാണ് ഈ കഥ നൽകുന്ന നീതിസാരം.

ശരീരത്തിന് ആരോഗ്യകരമായ പല ഭക്ഷ്യ വസ്തുക്കൾക്കും രുചി അൽപം കുറവായിരിക്കും. അതിനാൽ കുട്ടികൾ ആഹാരം കഴിക്കാൻ വിസമ്മതിക്കും. കഷ്ടപ്പെട്ട് ആഹാരം കഴിപ്പിക്കുന്നതു പോലെ അവരെ സദ്ഗുണങ്ങളും പഠിപ്പിക്കണം. തെറ്റും ശരിയും മനസ്സിലാക്കാൻ സദ്ഗുണങ്ങൾ സഹായിക്കും. നന്മയും തിന്മയും തിരിച്ചറിഞ്ഞ് നന്മയുടെ വശം ചേരാൻ അവരെ പഠിപ്പിക്കണം.

സദ്ഗുണങ്ങൾ ദിനചര്യകളായും ജീവിത ലക്ഷ്യങ്ങളായും എല്ലാവർക്കും മാറും. ഒരാളുടെ പെരുമാറ്റവും സംസാരവും പ്രവർത്തിയും ആണ് അവരുടെ സ്വഭാവം നിശ്ചയിക്കുന്നത്. ജീവിതം മുഴുവൻ വെല്ലുവിളികളെയും പ്രശ്നങ്ങളെയും നേരിടാൻ ഈ സദ്ഗുണങ്ങൾ സഹായിക്കും.

കുട്ടികളെ എങ്ങനെ സദ്ഗുണങ്ങൾ പഠിപ്പിക്കാം?

- ഏതുകാര്യവും ചെറുപ്രായത്തിൽ പഠിപ്പിച്ചാൽ അത് ജീവിതകാലം മുഴുവൻ ശീലമായി വളരും. അങ്ങനെയുള്ളവ കുട്ടികളെ പഠിപ്പിക്കണം. എന്തെങ്കിലും ചോദിക്കുമ്പോൾ ‘പ്ലീസ്’ എന്ന് പറയുന്നതും ആരെങ്കിലും സഹായിച്ചാൽ ‘നന്ദി’ പറയുന്നതും അവരുടെ ശീലമായി മാറും.
- കുട്ടികൾ പിന്തുടരേണ്ട നല്ല ശീലങ്ങൾ മുതിർന്നവർക്കും ഉണ്ടാകണം. റോൾ മോഡലാകണം.
- ജീവിതത്തിൽ നിങ്ങളുടെ സ്വഭാവ മഹിമ ഏതെല്ലാം സ്വഭാവസവിശേഷതകൾ നൽകി എന്ന് അവരോട് പറയുക. അവരും അതു തന്നെ ചെയ്യും.
- കുട്ടികൾ സദ്ഗുണങ്ങൾ ഉള്ളവരാകാൻ അവരെ സഹായിക്കണം. അവരുടെ നല്ല പ്രവർത്തികളെയും നല്ല ഗുണങ്ങളെയും പ്രശംസിക്കണം. അത് അവർക്ക് ഊർജം പകരും, നല്ലവരാകാൻ അവരെ സഹായിക്കും, ●

ക്ഷമയോടെ പഠിപ്പിക്കുക

അമ്മ തലയണയ്ക്ക് ഉറ ഇട്ടു കൊണ്ട് കുട്ടിയെ കണക്കു പഠിപ്പിക്കുകയാണ്. പലതവണ ശ്രമിച്ചിട്ടും അവന് അത് ശരിയായി ചെയ്യാൻ കഴിഞ്ഞില്ല. അമ്മ കുട്ടിയെ ശകാരിക്കാൻ തുടങ്ങി. അവൻ കൂടുതൽ കരഞ്ഞതല്ലാതെ കണക്ക് ശരിയായില്ല. ഒരു ഘട്ടത്തിൽ 'നീ പഠിക്കുകയേ വേണ്ട... പോ, പോയി കളിക്ക്' എന്ന് അമ്മ നിരാശയോടെ പറഞ്ഞു.

മകനോടുള്ള ദേഷ്യമെല്ലാം അമ്മ തലയിണ ഉറ ഇടുന്നതിലും കാണിച്ചു. തലയിണ ഉറയ്ക്കുള്ളിലേക്ക് കടത്തി മുകളിലേക്ക് വലിച്ച് കുലുക്കി. അടുത്തടുത്ത് അത്തരത്തിൽ രണ്ട് തലയിണകൾക്ക് ഉറയിടുമ്പോഴാണ് അവർ അക്കാര്യം ശ്രദ്ധിച്ചത്. തുടക്കത്തിൽ തലയിണ ആ ഉറയ്ക്കുള്ളിലേക്ക് സാവകാശമാണ് കടത്തിയത്. സാവകാശം കടത്തി കുലുക്കി ഉറയ്ക്കുള്ളിലേക്ക് തലയിണ കടന്നതിനു ശേഷമാണ് അത് വേഗത്തിൽ അമർത്തുന്നത്.

'മൃദുവായ തലയിണ പട്ടു പോലുള്ള ഉറയ്ക്കുള്ളിൽ കടത്താൻ തന്നെ തുടക്കത്തിൽ ഇത്രയും വൈദഗ്ധ്യം ആവശ്യമായി വരുമെങ്കിൽ, കണക്ക് ഏഴു വയസ്സുള്ള മകന്റെ തലയ്ക്കുള്ളിൽ കയറ്റാൻ എത്ര കണ്ട് ക്ഷമ തനിക്ക് ഉണ്ടായിരിക്കണം. മകനെ വഴക്കു പറഞ്ഞു' എന്ന് ദുഃഖിച്ചു.

തുടർന്ന് മകനെ സ്നേഹത്തോടെ അരികിലേക്ക് വിളിച്ചു. അൽപ നേരം അവനിഷ്ടപ്പെട്ട കളികൾ കളിച്ച ശേഷം, ക്ഷമയോടെ കണക്ക് പറഞ്ഞു കൊടുത്തു. അവനിപ്പോൾ ഏതാണ്ട് മനസ്സിലായി. അര മണിക്കൂർ കഴിഞ്ഞപ്പോൾ ഏത് കണക്ക് കൊടുത്താലും ചെയ്യാൻ പറ്റുന്ന അളവിൽ അവൻ പഠിച്ചു.

പഠിപ്പിക്കുന്ന അധ്യാപകർക്കും രക്ഷിതാക്കൾക്കും ഈ ക്ഷമ വേണം. കുട്ടികൾ ആശയക്കുഴപ്പത്തിലായാലും ക്ഷമയോടെ വേണം പഠിപ്പിക്കേണ്ടത്.

വിശന്നാൽ വരും

യുവ തലമുറയെ പൂച്ചക്കുട്ടികളുമായി പലരും താരതമ്യം ചെയ്യാറുണ്ട്. പൂച്ചയെ ലാളിച്ച് എന്ത് ഓമനപ്പേരിട്ടാലും വിളിച്ചാൽ അത് തിരിഞ്ഞു നോക്കുക പോലും ചെയ്യില്ല. അലക്ഷ്യമായി ഇരിക്കും. യുവാക്കളും അങ്ങനെ തന്നെ. നിങ്ങൾ എത്ര കണ്ട് കരുതലോടെ എല്ലാം ചെയ്താലും, പൂച്ചകൾക്ക് അവ ഒരു കാര്യമായി തോന്നില്ല. 'ഇവർ നമുക്ക് ഇവയെല്ലാം ചെയ്യാൻ കടമപ്പെട്ടവർ' എന്നതു പോലുള്ള സങ്കൽപത്തിൽ ഇരിക്കും. യുവാക്കളും അങ്ങനെ തന്നെ.

ഒരു പൂച്ചക്കുട്ടി വീടു വിട്ട് പുറത്തേക്കു പോകുമ്പോൾ അതിനോടൊപ്പം അമ്മ പൂച്ചയോ മറ്റു പൂച്ചകളോ ഉണ്ടാകില്ല. ഒറ്റക്കായിരിക്കും അതിന്റെ സഞ്ചാരം. സുരക്ഷയ്ക്കായി കൂടെ വരാമെന്നു പറഞ്ഞാലും ഇളയ തലമുറ അത് അനുവദിക്കാറില്ല. വെളിയിൽ എവിടെയെല്ലാമോ അലഞ്ഞ് രാത്രി വൈകി ശബ്ദം ഉണ്ടാക്കാതെ വീട്ടിൽ തിരികെ വരുന്ന പൂച്ചയെ പോലെയാണ് യുവാക്കളും.

ഒരു നാൾ ഇങ്ങനെ ഒരു പൂച്ച വെളിയിൽ പോയി. രാത്രി വീട്ടിൽ തിരിച്ചെത്തിയില്ല. അതിനെ വളർത്തിയവർ വലിയ വിഷമത്തിലായി. അടുത്ത ദിവസം രാവിലെ അവർ പൂച്ചയെ തേടി വീടുകൾ കയറിയിറങ്ങി. അത് ഒരു തോട്ടത്തിൽ ഒരു ഉയരത്തിലുള്ള വൃക്ഷക്കൊമ്പിൽ മ്യാവൂ എന്ന് വിളിച്ചു കൊണ്ടിരിക്കുകയാണ്. അവർ വിളിച്ചിട്ടും അത് ഇറങ്ങി വരുന്നില്ല.

സ്വയം ആലോചിക്കണം

എട്ടു വയസ്സുള്ള ഒരു കുട്ടി ക്ലാസിൽ ഇരിക്കുന്നു. ആ പ്രായത്തിൽ അവന് സ് കൂളിനോടും അധ്യാപകരോടും വല്ലാത്ത വെറുപ്പാണ്, അന്ന് അവരെ പഠിപ്പിക്കാൻ ചിത്രകലാ ടീച്ചർ ആയ ടായിച്ചിക്കോവ എത്തി.

'നിങ്ങൾക്ക് എന്ത് തോന്നുന്നുവോ അത് വരയ്ക്കുക,' ടീച്ചർ പറഞ്ഞു. പൊതുവെ ചിത്രകലാധ്യാപകർ ബോർഡിൽ ഒരു ചിത്രം വരച്ച് അത് പകർത്താനാവും ആവശ്യപ്പെടുക. എന്നാൽ ടായിച്ചിക്കോവ 'സ്വന്തം ഇഷ്ടത്തിന് വരയ്ക്കാനാണ്' നിർദ്ദേശിച്ചത്. ഈ സ്വാതന്ത്ര്യം അവനെ ആവേശഭരിതനാക്കി. പെട്ടെന്ന് കളർ പെൻസിൽ എടുത്ത് അവൻ വരച്ചു. ഒരു ചിത്രത്തിന് അങ്ങനെ ജീവൻ വച്ചു. എങ്കിലും അതിന് എന്തോ കുറവ് ഉള്ളത് പോലെ തോന്നി. ഉടനെ വെള്ളം തൊട്ട് ചില നിറങ്ങൾ നേർപ്പിച്ചു. അത് വ്യത്യസ്തമായ ഒരു വർണ ചിത്രമായി മാറി.

കുട്ടികൾ വരച്ച ചിത്രങ്ങൾ ടായിച്ചിക്കോവ ചുവരിൽ ഒട്ടിച്ചു. ഈ ഒരു കുട്ടിയുടെ നിറങ്ങൾ മാത്രം വ്യത്യസ്തമായിരുന്നതു കണ്ട് കുട്ടികൾ ചിരിച്ചു. ടീച്ചർ അവരോട് അരുതെന്ന് പറഞ്ഞു.

'വെള്ളം തൊട്ട് ചിത്രം വരച്ചത് മനോഹരം. ഇങ്ങനെ വേണം നാം സൃഷ്ടികൾ ഉണ്ടാക്കേണ്ടത്. മറ്റുള്ളവർ ചെയ്യുന്നത് പകർത്തുന്നത് സൃഷ്ടിപരതയല്ല' ടീച്ചർ പറഞ്ഞു. അന്ന് വരച്ച ചിത്രങ്ങളിൽ ഏറ്റവും മികച്ചതായി അത് തെരഞ്ഞെടുക്കപ്പെട്ടു.

അന്ന് മുതൽ ആ കുട്ടി തന്റെ സൃഷ്ടിയിൽ ഏർപ്പെടുമ്പോൾ മറ്റാരും ചെയ്യുന്നത് ശ്രദ്ധിക്കില്ല. സ്വന്തം ചിന്തയും വികാരവും അനുസരിച്ച് അവൻ സൃഷ്ടിക്കും.

ജപ്പാനിൽ നൂറു വർഷങ്ങൾക്കു മുമ്പ് നടന്ന സംഭവമാണ് ഇത്. ആ കുട്ടി പിൽക്കാലത്ത് അറിയപ്പെടുന്ന ചലച്ചിത്രകാരനായി. ഇപ്പോഴും സിനിമ പഠിക്കാൻ വരുന്നവർ വ്യക്തിത്വമുള്ള സിനിമ എങ്ങനെ എടുക്കണം എന്ന് അദ്ദേഹത്തിന്റെ ചിത്രങ്ങൾ കണ്ടാണ് പഠിക്കുന്നത്. അദ്ദേഹമാണ് ലോക പ്രശസ്ത ചലച്ചിത്രകാരനായ അകിര കുറോസോവോ.

കുട്ടികളെ സ്വയം ചിന്തിക്കാൻ പഠിപ്പിക്കുന്നതിലും വലിയ നന്മ മറ്റൊന്നില്ല.

ഇരുട്ടിൽ അറിയാതെ അത് മരത്തിൽ കയറിയതാണ്. തിരിച്ചിറങ്ങാൻ അറിയാത്തതു കൊണ്ടാണ് അത് കരയുന്നതെന്ന് അവർ തെറ്റിദ്ധരിച്ചു. ഉടനെ അവർ അഗ്നിശമനസേനയുടെ സഹായം തേടി. ഫോൺ എടുത്ത ഉദ്യോഗസ്ഥൻ നല്ല അനുഭവശാലിയായ വ്യക്തിയായിരുന്നു. അദ്ദേഹം അവരെ ആശ്വസിപ്പിച്ചു, 'ഒട്ടും വിഷമിക്കേണ്ട. പൂച്ചകൾക്ക് നമ്മേക്കാൾ നന്നായി മരത്തിൽ കയറാൻ കഴിയും. ഇറങ്ങാൻ അറിയാത്തതു കൊണ്ടല്ല അത് കരയുന്നത്. അത് അവരുടെ ഒരു കളിയാണ്. ഉടനെ അത് ഇറങ്ങി വരും.' വീട്ടുടമയ്ക്ക് സമാധാനമായില്ല. 'എപ്പോൾ അത് ഇറങ്ങി വരും' എന്ന് ചോദിച്ചു. 'അതിനു വിശക്കുമ്പോൾ ഇറങ്ങി വരും' എന്ന് ഉദ്യോഗസ്ഥൻ പറഞ്ഞു. അദ്ദേഹം പറഞ്ഞതു പോലെ ഒരു മണിക്കൂറിനുള്ളിൽ പൂച്ച താഴെ ഇറങ്ങി വന്ന് പാൽ കുടിച്ചു.

കുട്ടികളെ ഓർത്ത് നിങ്ങൾ വിഷമിക്കേണ്ട. അറിവിനും സ്നേഹത്തിനും ദാഹിക്കുമ്പോൾ തീർച്ചയായും മുതിർന്നവരെ തേടിയെത്തും. ●

മൂന്ന് ഉപദേശങ്ങൾ

ഒരു യുവ ദമ്പതികൾ ഒരു ഗ്രാമത്തിൽ കഴിയുന്നുണ്ടായിരുന്നു. വിഭവങ്ങൾ ഇല്ലാത്ത ആ ഗ്രാമത്തിൽ വരുമാനത്തിന് വഴിയില്ല. അതിനാൽ ഏറെ ദൂരെയുള്ള നഗരത്തിൽ ജോലിക്കു പോകാൻ യുവാവ് തീരുമാനിച്ചു. 'ഏതെങ്കിലും ഒരു ജോലി നേടി കൈ നിറയെ പണവുമായി താൻ തിരികെ വരും. എത്ര വർഷം ആകുമെന്ന് പറയാനാവില്ല. അതുവരെ കാത്തിരിക്കണം' എന്ന് ഭാര്യയോട് പറഞ്ഞ് അവൻ നഗരത്തിലേക്ക് പോയി.

വാഹനമോ ഫോണോ ഇല്ലാതിരുന്ന ആ കാലത്ത് അവൻ ഇരുപതു ദിവസം നടന്നാണ് ഒരു നഗരത്തിൽ എത്തിയത്. അവിടെ പലവിധ തൊഴിലുകൾ ചെയ്തു വന്ന ഒരു ഭൂവുടമയോട് അവൻ ജോലി ചോദിച്ചു. 'എനിക്ക് വീട്ടിൽ പോകണമെന്ന് തോന്നുമ്പോൾ എന്നെ അനുവദിച്ചാൽ മതി. അതുവരെ എന്റെ ശമ്പളം താങ്കൾ തന്നെ കൈവശം വച്ചാൽ മതി. ഞാൻ അത് മൊത്തത്തിൽ വാങ്ങി നാട്ടിലേക്ക് പോകാം' അവൻ അയാളോട് പറഞ്ഞു. ഭൂവുടമയും സമ്മതിച്ചു.

അയാൾ അവന് താമസിക്കാൻ ഇടം നൽകി. അവന് മൂന്നു നേരം ഭക്ഷണവും ലഭിച്ചു. കഠിനമായി അദ്ധ്വാനിക്കുന്ന അവനോട് ഭൂവുടമയ്ക്ക് നല്ല മതിപ്പ് തോന്നി. ക്രമേണ അവർ കൂടുതൽ അടുപ്പത്തിലായി. അവൻ ആ ഭൂമിയുടെ മേൽനോട്ടക്കാരൻ പോലെയായി മാറി.

18 വർഷങ്ങൾക്ക് ശേഷം താൻ നാട്ടിലേക്ക് പോകാൻ ആഗ്രഹിക്കുന്നതായി അയാൾ ഭൂവുടമയെ അറിയിച്ചു. 'ശരി, നിന്റെ ഇത്രയും നാളത്തെ ശമ്പളം എന്റെ കൈവശം ഉണ്ട്. നിനക്ക് പണം വേണമോ അതോ ഞാൻ പറയാൻ പോകുന്ന മൂന്ന് ഉപദേശങ്ങൾ വേണോ? ഇതിൽ ഒന്ന് മാത്രമേ ഞാൻ തരൂ. വഴിയിൽ ധാരാളം കൊള്ളക്കാർ ഉണ്ടായിരിക്കാം. കവർച്ച ചെയ്യപ്പെടാം. ഉപദേശങ്ങൾ എക്കാലത്തും നിന്റെ ജീവിതത്തിൽ വഴികാട്ടിയാകും. ഏത് വേണമെന്ന് ആലോചിച്ച് നാളെ രാവിലെ പറയൂ' എന്ന് പറഞ്ഞു ഭൂവുടമ.

രാത്രി മുഴുവൻ അവൻ ആലോചിച്ചു. പണം എടുത്തു കൊണ്ടുപോയി വഴിയിൽ മോഷ്ടാക്കൾക്ക് നഷ്ടപ്പെടുത്തുന്നതിനേക്കാൾ ഉപദേശമാണ് നല്ലതെന്ന് തീരുമാനിച്ചു. ഇത്രയും വർഷങ്ങൾ അധ്വാനിച്ച ശേഷം വെറുംകൈയോടെ നാട്ടിലേക്ക് മടങ്ങണമല്ലോ എന്നോർത്തപ്പോൾ അവന് സങ്കടം തോന്നി. എന്നിരുന്നാലും, തന്നെ ഇത്രയും കാലം സ്നേഹിച്ച ആ ഭൂവുടമ തന്റെ നന്മയ്ക്കേ എന്തും ചെയ്യൂ എന്ന് വിശ്വസിച്ചു.

അടുത്തദിവസംഅദ്ദേഹത്തിന്റെഅടുത്തെത്തി, 'എനിക്ക് പണം വേണ്ട, ഉപദേശങ്ങൾ മതി' എന്ന് പറഞ്ഞു അവൻ. ഭൂവുടമ ചിരിച്ചു കൊണ്ട് മൂന്ന് ഉപദേശങ്ങൾ അവനോട് പറഞ്ഞു.

1. ജീവിതത്തിൽ ഒരിക്കലും കുറുക്കു വഴികളിൽ പോകരുത്. അറിയാത്ത വഴികളിൽ കൂടി പെട്ടെന്ന് പോകുന്നത് ജീവഹാനി ഉണ്ടാക്കാം.

2. ധൃതിപിടിച്ച് ഒന്നിലേക്കും ചാടരുത്. അത് കൊള്ളരുതാത്ത കാര്യമാണെങ്കിൽ അത് മരണം വിലയ്ക്ക് വാങ്ങുന്നതു പോലെയാകും.

3. ദേഷ്യത്തിലും വേദനയിലും

ആയിരിക്കുമ്പോൾ ഒരു തീരുമാനവും എടുക്കരുത്. പിന്നീട് നീ അതോർത്ത് വിഷമിച്ചാലും അതു കൊണ്ട് ഗുണമൊന്നും ഉണ്ടാകില്ല. ആ തീരുമാനം കൊണ്ട് നഷ്ടപ്പെട്ടത് തിരികെ കിട്ടില്ല.

ഈ മൂന്ന് ഉപദേശങ്ങളും നൽകിയ ശേഷം ഭൂവുടമ അവനോട് 'എന്റെ കാളവണ്ടിയിൽ നീ പോകൂ. പത്തു ദിവസം കൊണ്ട് വീട്ടിൽ എത്താം' എന്നു പറഞ്ഞ് ഇളംകാളകളെ പൂട്ടിയ കാളവണ്ടി ഏൽപിച്ചു. വഴിയിൽ ആഹാരം കഴിക്കുന്നതിനും സത്രത്തിൽ തങ്ങുന്നതിനുമുള്ള പണവും നൽകി. അതോടൊപ്പം അദ്ദേഹത്തിന്റെ വീട്ടിൽ ഉണ്ടാക്കിയ കേക്ക് പോലെ ഒന്ന് ഒരു പാത്രത്തിൽ അടച്ച് അവന് കൊടുത്തു. 'എത്ര വിശന്നാലും ഇത് വഴിയിൽ കഴി ക്കരുത്. വീട്ടിൽ ചെന്ന് ഭാര്യയോടൊപ്പം കഴിക്കൂ. അത് സന്തോഷം നൽകും,' അദ്ദേഹം പറഞ്ഞു.

അദ്ദേഹം പറഞ്ഞ ഒന്നും തന്നെ അവൻ നിരസിച്ചില്ല. അതേ പോലെ ചെയ്യാമെന്ന് പറഞ്ഞ ശേഷം യാത്ര തിരിച്ചു. ആദ്യ ദിവസത്തെ യാത്ര കഴിയാറായപ്പോൾ 'ഞാനും വണ്ടിയിൽ കയറട്ടെ' എന്ന് ചോദിച്ച് ഒരാൾ സമീപിച്ചു. ഇവൻ പോകുന്ന ഗ്രാമത്തെക്കുറിച്ച് അന്വേഷിച്ച വഴിപോക്കൻ, 'അതിന് എന്തിനാ ഈ വഴി പോകുന്നത്? 10 ദിവസം ആകുമല്ലോ. അരികിൽ മലകൾക്ക് നടുവിൽ ഒരു കാട്ടുപാതയുണ്ട്. അതിലൂടെ പോയാൽ നാല് ദിവസത്തിൽ ഗ്രാമത്തിലെത്താം' എന്ന് പറഞ്ഞു.

അയാൾ പറഞ്ഞ വഴിയിലൂടെ പോകാൻ വണ്ടി തിരിച്ച അവന്, കർഷകൻ പറഞ്ഞ ഒന്നാമത്തെ ഉപദേശം ഓർമ്മ വന്നു. കുറുക്കു വഴി ആപത്ത്. 'എത്ര ദിവസം ആയാലും സാരമില്ല. ഞാൻ നേർ വഴിയേ പോകൂ' എന്ന് പറഞ്ഞ് വണ്ടി തിരിച്ചു.

രണ്ട് ദിവസം കഴിഞ്ഞ് അവൻ ഒരു സത്രത്തിൽ തങ്ങുമ്പോഴാണ് ആ മലമ്പാതയിൽ ഉരുൾപൊട്ടി നിരവധിപേർ മരിച്ചുവെന്ന കാര്യം അറിയുന്നത്. കർഷകന്റെ ഉപദേശം തന്നെ രക്ഷിച്ചുവെന്ന് അവൻ ദീർഘശ്വാസം വിട്ടു.

സത്രത്തിൽ അത്താഴം കഴിഞ്ഞ് ഉറങ്ങുമ്പോൾ, മുറിയുടെ പിൻഭാഗത്ത് എന്തോ ശബ്ദം കേട്ട് അവൻ ഉണർന്നു. വിചിത്രമായ ഒരു കരച്ചിൽ. ഉറക്കച്ചടവോടെ കതക് തുറക്കാൻ പോയപ്പോൾ കർഷകന്റെ രണ്ടാമത്തെ ഉപദേശം ഓർമ്മയിലെത്തി. 'ധൃതിപിടിച്ച് ഒരു കാര്യത്തിലേക്കും എടുത്തു ചാടരുത്.' അയാൾ ആ ശബ്ദം അവഗണിച്ച് ഉറങ്ങി.

അടുത്ത ദിവസം സത്രക്കാരനോട് ആ ശബ്ദ ത്തെ പറ്റി സൂചിപ്പിച്ചു. 'നന്നായി, താങ്കൾ കതകു തുറക്കാതിരുന്നത്. വഴിയോര കൊള്ളക്കാർ ആണ്. ആരെങ്കിലും കതകു തുറന്നാൽ അവർ എല്ലാം കൊണ്ടുപോകും,' അയാൾ പറഞ്ഞു. ഉപദേശം നൽകിയ കർഷകന് വീണ്ടും നന്ദി പറഞ്ഞു.

വീണ്ടും ചില ദിവസങ്ങൾ യാത്ര ചെയ്ത് ഒരു രാത്രിയിൽ സ്വന്തം ഗ്രാമത്തിൽ എത്തി. വീടിനോടടു ത്തപ്പോൾ കണ്ട കാഴ്ച അവനെ അമ്പരപ്പിച്ചു. വീട്ടിൽ കത്തുന്ന വിളക്കിന്റെ വെളിച്ചത്തിൽ അവന്റെ ഭാര്യ ആരെയോ ചേർത്തുപിടിച്ച് ഇരിക്കുന്നു. ഉടനേ ഇരുവരെയും കൊല്ലാൻ തുനിഞ്ഞു. 'ദേഷ്യത്തിൽ തീരുമാനം എടുക്കരുത്' എന്ന കർഷകന്റെ ഉപദേശം ഓർമ്മയിലെത്തി.

ശാന്തമായി ഉള്ളിലേക്ക് പോയി അവൻ. അവനെ കണ്ടതും സന്തോഷം കൊണ്ട് തുള്ളിച്ചാടിയ ഭാര്യ, താൻ ചേർത്തുപിടിച്ചിരുന്ന യുവാവിനോട്, 'മോനേ, നിന്റെ അച്ഛൻ വന്നെടാ' എന്ന് പറഞ്ഞു. അവൻ നഗരത്തിലേക്ക് പോയ ശേഷമാണ് ഭാര്യ ഗർഭിണിയായിരുന്നെന്ന കാര്യം അറിഞ്ഞത്. അതിനു ശേഷം ജനിച്ച മകൻ ഇപ്പോഴാണ് അച്ഛനെ കാണുന്നത്. കർഷകന്റെ മൂന്നാമത്തെ ഉപദേശവും തന്നെ രക്ഷിച്ചത് ബോധ്യപ്പെട്ട് അദ്ദേഹത്തിന് മനസ്സിൽ നന്ദി പറഞ്ഞു.

അതിനു ശേഷം കർഷൻ കൊടുത്തയച്ച ഭക്ഷണം കഴിക്കാൻ മൂന്നു പേരും ഇരുന്നു. പാത്ര ത്തിൽ നിന്ന് എടുത്ത് അത് പൊട്ടിച്ചു, ഉള്ളിൽ നിന്ന് സ്വർണക്കട്ടികൾ വന്നു വീണു. അവന് നൽകേണ്ട ശമ്പളത്തേക്കാൾ കൂടുതൽ അതിനുള്ളിൽ സ്വർണമായി വച്ചിരുന്നു ആ കർഷകൻ.

ഉപദേശങ്ങൾ എപ്പോഴും നമ്മെ രക്ഷിക്കും. •

ചെറിയ പാപം, വലിയ പാപം

ഒരു ജ്ഞാനിയുടെ അടുക്കൽ രണ്ടു പേർ ചെന്നു. അതിൽ ഒരാൾ 'ഞാൻ ഒരു വലിയ പാപം ചെയ്തു. അതോർത്ത് എന്റെ മനസ്സ് വല്ലാതെ തുടിക്കുന്നു. ഈ പാപത്തിൽ നിന്ന് എനിക്ക് മോചനം ലഭിക്കുമോ?' എന്ന് ചോദിച്ചു. അടുത്തയാൾ, 'ഞാൻ ഇദ്ദേഹത്തിന്റത്ര വലിയ പാപം ചെയ്തിട്ടില്ല. ചെറിയ ചതികൾ ധാരാളം ചെയ്തിട്ടുണ്ട്. ദൈവം ശിക്ഷിക്കും വിധത്തിൽ ഇവ വലിയ പാപങ്ങളാണോ?' എന്ന് ചോദിച്ചു.

ജ്ഞാനി ഇരുവരെയും നോക്കി. ആദ്യത്തെ ആളോട് 'നീ പോയി വലിയ പാറ ഒന്ന് ചുമന്നു കൊണ്ട് വരൂ' എന്ന് പറഞ്ഞു. രണ്ടാമന്റെ കൈയിൽ ഒരു കുട്ട കൊടുത്ത ശേഷം' ഈ കുട്ട നിറച്ച് കല്ലുകൾ കൊണ്ട് വാ' എന്ന് പറഞ്ഞു. ഇരുവരും അങ്ങനെ തന്നെ ചെയ്തു.

അപ്പോൾ ജ്ഞാനി, 'ഇരുവരും ഇവ യഥാസ്ഥാനത്ത് തിരികെക്കൊണ്ട്

ആർക്കും തടുക്കാനാവില്ല

ഒരു കുട്ടിക്ക് സ്കൂളിൽ ടെന്നീസ് ടീമിൽ ചേർന്ന് കളിക്കണമെന്ന് വലിയ ആഗ്രഹം. ആ സ്കൂൾ സൃഷ്ടിച്ച താരങ്ങളിൽ ചിലർ ലോക പ്രശസ്തി നേടി പണവും പ്രശസ്തിയും സമ്പാദിച്ചവരാണ്. അവരെപ്പോലെ ആകണം എന്നാണ് കുട്ടിയുടെ മോഹം.

എന്നാൽ, ധാരാളം പണം വാരിയെറിയേണ്ട പരിശീലനത്തിന് ചേരാനോ റാക്കറ്റും പന്തുകളും വാങ്ങി പരിശീലിക്കാനോ ഉള്ള ധനശേഷി അവനില്ല. വീട്ടിൽ മണിക്കൂറുകൾ അവൻ പരിശീലനം നടത്തി. ഒരു വിധം ഭേദപ്പെട്ട റാക്കറ്റ് വാങ്ങി ചുവരിൽ പന്ത് അടിച്ച് അവൻ പരിശീലിച്ചു. ചില ആഴ്ചകൾക്കുള്ളിൽ ചുവരിൽ നിന്ന് തിരിച്ചു വരുന്ന പന്ത് തിരിച്ചടിക്കാൻ അവൻ പഠിച്ചു. എത്ര വിഷമകരമായ പൊസിഷനിൽ നിന്ന് വന്നാലും ഇപ്പോൾ അവൻ പന്ത് തിരികെ അടിക്കും.

ആ വർഷം സ്കൂളിൽ ടീമിലെ ഒന്നാമനായി അവനെയാണ് കോച്ച് തെരഞ്ഞെടുത്തത്. അതിനു കോച്ച് പറഞ്ഞ ന്യായീകരണം ഇതായിരുന്നു, 'നിനക്ക് നേരെ കളിക്കാൻ അറിയില്ലായിരിക്കാം പക്ഷേ ഓരോ പന്തും തിരികെ അടിക്കുന്നതിൽ നീ മിടുക്കനാണ്. ജയിക്കാൻ അതാണ് ആവശ്യം.'

ദൃഢനിശ്ചയത്തോടും നിരന്തരമായും ഒരാൾ ഒരു കാര്യം ചെയ്തു കൊണ്ടേയിരുന്നാൽ വിജയിക്കും .

എന്താണ് വഴക്ക്?

ഒരു സെൻ സന്ന്യാസി ഉണ്ടായിരുന്നു. പ്രശസ്തനായ ജ്ഞാനിയാണ് അദ്ദേഹംഎങ്കിലുംഅദ്ദേഹംഭിക്ഷയാചിച്ച്മാത്രമേതന്റെവിശപ്പ്ശമിപ്പിക്കൂ. അങ്ങനെ നാട്ടിൽ ഒരു ധനികന്റെ വീട്ടിൽ ഭിക്ഷ യാചിക്കാനായി ചെന്നു. ജ്ഞാനിയുടെ ശക്തി പണക്കാരന് നന്നായി അറിയാം. അദ്ദേഹം ജ്ഞാനിയെ വണങ്ങി നല്ല ഒരു സദ്യ അദ്ദേഹത്തിന് നൽകി

അതിനു ശേഷം അദ്ദേഹം, 'മനുഷ്യർ എന്ത് കൊണ്ടാണ് ഇപ്പോഴും വഴക്കിടുന്നത്. സമാധാനത്തോടെ കഴിയാൻ പറ്റില്ലേ' എന്ന് ചോദിച്ചു. 'ഞാൻ ഭക്ഷണത്തിനാണ് ഇവിടെ വന്നത്. നിങ്ങളുടെ ചോദ്യത്തിന് മറുപടി പറയാനല്ല' ജ്ഞാനി പറഞ്ഞു. ധനികന് അടക്കാനാകാത്ത ദേഷ്യം വന്നു. 'ഇതെന്ത് ശീലം? ആഹാരം നൽകിയ എന്നോട് ഇങ്ങനെയാണോ സംസാരിക്കേണ്ടത്? നിങ്ങളാണോ വലിയ ജ്ഞാനി?' എന്ന് ആരംഭിച്ച്

വയ്ക്കൂ' എന്ന് പറഞ്ഞു.

ആദ്യത്തെ ആൾ ആ പാറയുമായി തിരിച്ചു പോയി. രണ്ടാമൻ 'ഇത്രയും കല്ലുകൾ എങ്ങനെ കൃത്യമായി തിരിച്ചിടാൻ കഴിയും?' എന്ന് ചോദിച്ചു.

ജ്ഞാനി ചിരിച്ചു. ശേഷം പറഞ്ഞു. 'അവൻ വലിയ തെറ്റ് ചെയ്തു. പരിഹാരം ചെയ്ത് നിന്ന് മോചനം നേടാം. നീ ചെറിയ, ചെറിയ ധാരാളം തെറ്റുകൾ ചെയ്തിട്ടും അവ പാപമാണെന്ന ബോധ്യം ഉണ്ടായില്ല. നീ കാരണം ആരൊക്കെ ബാധിക്കപ്പെട്ടു എന്നതു പോലും നിനക്ക് ഓർമ്മയില്ല. നിനക്കാണ് ജീവിതത്തിൽ മോചനവും സമാധാനം ഏറ്റവും കഠിനമായത്.'

തെറ്റുകളിൽ ചെറുതും വലുതുമില്ല. തെറ്റ് തെറ്റാണ്.

അദ്ദേഹം മോശം വാക്കുകളിൽ ജ്ഞാനിയെ ശകാരിച്ചു.

അൽപ നേരം അതെല്ലാം ക്ഷമയോടു കേട്ട ജ്ഞാനി, 'നിങ്ങൾക്ക് ഇഷ്ടമല്ലാത്ത ഒരു ഉത്തരം കേട്ടതും ദേഷ്യം വന്നു. ഞാനും മോശമായി സംസാരിച്ചാൽ വഴക്കാകും. ദേഷ്യമാണ് എല്ലാ വഴക്കിനും കാരണം. ദേഷ്യം ഒഴിവാക്കിയാൽ സമാധാന ജീവിതം സാധ്യം. ഇത് വ്യക്തമാക്കാനാണ് ഞാൻ അങ്ങനെ സംസാരിച്ചത്' എന്ന് പറഞ്ഞ് അദ്ദേഹം അവിടെ നിന്നും പോയി.

ചെറിയ കാര്യങ്ങൾക്ക് ദേഷ്യപ്പെട്ട് നാം വലിയ വഴക്കുകൾ ഉണ്ടാക്കുന്നു. അൽപ നേരത്തെ ദേഷ്യം നിയന്ത്രിച്ചാൽ ഏറെക്കാലം മനസ്സന്തോഷം കൈവരും.

ജീവിതത്തിൽ ഒഴിവാക്കാനാകാത്ത നിയമങ്ങൾ

- നിങ്ങൾ നല്ലതു ചെയ്താലും കെട്ടതു ചെയ്താലും ആളുകളുടെ കുറ്റം പറച്ചിൽ ഒഴിവാക്കാൻ കഴിയില്ല..
- അത് നല്ല അവസ്ഥയായാലും കെട്ട അവസ്ഥയായാലും ഈ അവസ്ഥയും മാറും എന്ന് വിശ്വസിക്കണം.
- നല്ലവരാണ് കൂടുതൽ കഷ്ടപ്പെടുന്നത് എന്ന് തോന്നും. കാരണം, നല്ലവരാണ് മനസ്സാക്ഷിയുടെ ചോദ്യങ്ങൾക്ക് ഭയപ്പെടുന്നവർ. അതിനാലാണ് ഈ കഷ്ടം.
- കുടുംബ ജീവിതത്തിലും തൊഴിൽ ജീവിതത്തിലും സന്തുലിതാവസ്ഥ പിന്തുടരാൻ അറിയുന്നവർക്ക് ഈ ജീവിതം ഭംഗിയുള്ളതായിരിക്കും.
- 'ഈ വ്യക്തി ഇല്ലാതെ എനിക്ക് ജീവിതം ഇല്ല' എന്ന് ആരെ പറ്റിയും കരുതരുത്. ജീവിതയാത്രയിൽ എപ്പോഴും എല്ലാം മാറിമറിയും.
- ജീവിതത്തിൽ എല്ലാ പ്രശ്നങ്ങൾക്കും ഏതെങ്കിലും ഒരു പരിഹാരം ഉണ്ടായിരിക്കും.
- വിശ്വാസങ്ങളും വാഗ്ദാനങ്ങളും പാലിക്കണം. രഹസ്യങ്ങൾ രഹസ്യങ്ങളായി വയ്ക്കണം. എങ്കിൽ സന്തോഷമുള്ള ജീവിതം സാധ്യമാകും.
- താൽക്കാലികമായ ഈ ലോകത്ത് പേര്, പ്രശസ്തി, ധനം എന്നിവയെല്ലാം ക്ഷണികമാണ്. എല്ലാം നഷ്ടപ്പെടുമ്പോഴേ ഇത് പലർക്കും ബോധ്യപ്പെടുകയുള്ളൂ.

കുട്ടികൾക്ക് ഫോൺ വരമാണോ പ്രശ്നമാണോ?

ആഹാരം കഴിക്കാൻ മടി കാണിക്കുന്ന കുട്ടികളെ മൊബൈൽ ഫോണിൽ കാർട്ടൂൺ കാട്ടി പല അമ്മമാരും ആഹാരം കഴിപ്പിക്കും. കുട്ടികൾ കരയുമ്പോൾ അവരുടെ കൈയിൽ സെൽഫോൺ കൊടുത്ത് സമാധാനപ്പെടുത്തും. കുട്ടി വളരുമ്പോൾ തന്റെ കൈയിൽ ഫോൺ തരണമെന്ന് നിർബന്ധം പിടിക്കുമ്പോഴാണ് പ്രശനം തുടങ്ങുന്നത്.

'എന്റെ സെൽഫോൺ എന്തിനാണ് എടുത്തത്? അവിടെ വയ്ക്കു' എന്ന് ശാസിക്കുന്നതും 'എപ്പോഴും സെൽഫോണുമായി ഇരിക്കുകയാണ്' എന്ന് കുറ്റപ്പെടുത്തുന്നതും കുട്ടികളെവേദനിപ്പിക്കും.കുട്ടികളുടെകാര്യത്തിൽ ഫോണിന്റെ അതിർവരമ്പ് മനസ്സിലാകാതെ രക്ഷിതാക്കൾ ആശയക്കുഴപ്പത്തിലാകും.

കൊച്ചു കുട്ടികൾക്ക് സെൽഫോൺ കൊടുക്കുകയേ അരുത്. സെൽഫോണിലെ പ്രകാശം കാണാനുള്ള ശേഷി അവരുടെ കണ്ണുകൾക്ക് ആയിട്ടില്ല. ദൂരത്തിൽ ടി വി അൽപ നേരം കാണാം. എന്നാൽ മുഖത്തിനടുത്ത് സെൽഫോൺ അരുതേ അരുത്.

കുട്ടികൾ വളരുമ്പോൾ കാർട്ടൂൺ കഥാപാത്രങ്ങളെ പരിചയപ്പെടുത്തുന്നതിനു പകരം അവരെ യഥാർത്ഥ മനുഷ്യരെ പരിചയപ്പെടുത്തുകയാണ് മികച്ചത്. കാർട്ടൂൺ കഥാപാത്രങ്ങൾ അവരോട് സംസാരിക്കില്ല. അവരുടെ സംസാരം കുട്ടികൾ നിശ്ശബ്ദമായി കേൾക്കണം. ഇതിനാൽ കുട്ടികളുടെ സംസാര പാടവവും സാമൂഹിക ബന്ധങ്ങൾക്കുള്ള ശേഷിയും ചിന്തിക്കാനുള്ള കഴിവും വർധിക്കുന്നില്ല. മറ്റു വ്യക്തികളോട് സംസാരിക്കുന്നതും യാത്ര ചെയ്യുന്നതും അവർക്ക് വ്യത്യസ്ത അനുഭവങ്ങൾ നൽകും. ആ അനുഭവങ്ങളിൽ നിന്നും ഉണ്ടാകുന്ന സംശയങ്ങൾ ചോദ്യങ്ങളായി ചോദിക്കും. അതിന് മാതാപിതാക്കളും മറ്റുള്ളവരും നൽകുന്ന മറുപടിയാണ് അവരുടെ ചിന്താശേഷിയെ ഉന്നതമാക്കുന്നത്..

കുട്ടികൾക്ക് സെൽഫോൺ കൊടുക്കാതിരിക്കുകയും മാതാപിതാക്കളും മറ്റുള്ളവരും അതിൽ മുഴുകുകയും ചെയ്യുന്നത് നല്ല ശീലമല്ല. കുട്ടി അച്ഛനും അമ്മയും തന്നോട് സംസാരിക്കും എന്ന് കരുതിയിരിക്കും. ആ സമയത്ത് അച്ഛനമ്മമാർ സെൽഫോണിൽ മുഴുകിയാൽ ഫോണിലാണ് ജീവിതത്തിന്റെ മാധുര്യം എന്ന് കുട്ടി കരുതും. ഫോൺ കൈവശപ്പെടുത്താൻ അവർ ആഗ്രഹിക്കും.

വളരുമ്പോൾ കുട്ടികൾക്ക് സെൽഫോണിന്റെ സാങ്കേതികവശം മനസ്സിലാകും. നിങ്ങളുടെ ഫോൺ എത്ര ആധുനികമാണെങ്കിലും അതിലെ പത്തു കാര്യങ്ങളിൽ കൂടുതൽ

ഉപയോഗിക്കാൻ നിങ്ങൾക്ക് അറിവുണ്ടാകില്ല. എന്നാൽ കുട്ടികൾ അപ്ഡേറ്റഡ് ആണ്. നിങ്ങളുടെ സെൽഫോണിലെ 80 ശതമാനം പ്രവർത്തനങ്ങളും അവർക്ക് ഉപയോഗിക്കാൻ അറിയാം. സ്മാർട്ട് ഫോൺ പിറന്ന ഈ കാലത്തിന്റെ സന്തതികൾ ആണവർ.

ഈ കാലഘട്ടത്തിൽ ചെറുപ്രായത്തിലേ ഓൺലൈൻ പ്രവർത്തനങ്ങൾ കുട്ടികൾ പഠിക്കുന്നു. ഹോം വർക്ക്, പ്രോജക്റ്റുകൾ തുടങ്ങി പല കാര്യങ്ങളും അവർ വാട്സ്ആപ്പ് വഴി അയച്ചു പഠിക്കാൻ അവർക്കറിയാം. കുട്ടികൾക്ക് ഫോൺ കൊടുക്കാതെ വളർത്താൻ ഇന്ന് സാധ്യമല്ല. അങ്ങനെ ചെയ് താൽ അവരുടെ അറിവ് മറ്റു കുട്ടികളിലും പിന്നിലായിരിക്കും.

എന്നാൽ ഈ യാത്രയിൽ ചില പ്രശ്നങ്ങളും നിങ്ങൾ അഭിമുഖീകരിക്കും. സ് കൂൾ കുട്ടികൾ ഇന്ന് പഠനത്തിന് ഉപയോഗിക്കുന്ന സെൽഫോൺ, ലാപ് ടോപ്പ്, കമ്പ്യൂട്ടർ തുടങ്ങിയവയിൽ ഉള്ള സമൂഹ മാധ്യമങ്ങൾ അവരെ നെഗറ്റീവായും പോസിറ്റീവായും ബാധിക്കും. ഒട്ടേറെ കുട്ടികൾ സമൂഹ മാധ്യമങ്ങളുടെ അടിമകളായി മാറി, അതിൽ പൂർണമായി മുഴുകി നശിച്ചു പോകുന്നു

ചില അപകടകരമായ ഗെയിമുകളിൽ പെട്ട് അവർജീവൻതന്നെ കളയും. ഗെയിം കളിക്കാനായി അമ്മയുടെ ബാങ്ക് അക്കൗണ്ട് തന്നെ കാലിയാക്കുന്ന മക്കളുണ്ട്. ഫേസ്ബുക്കിൽ ചിലരുടെ പ്രവർത്തനങ്ങൾ സൈബർ ക്രൈം ആയി മാറുന്നു. സമൂഹ മാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ ഗുണ ദോഷങ്ങൾ അറിഞ്ഞു വേണം അതിൽ ഇടപെടാൻ.

ആരോഗ്യകരമായ മാറ്റങ്ങൾക്ക് ഉപയോഗപ്പെടുത്തുമ്പോൾ സമൂഹ മാധ്യമം നല്ല ഒരു ഉപാധിയാണ്. ഓൺലൈൻ കളികളിൽ ഏർപ്പെടുന്ന മിക്ക കുട്ടികളും അതിന് അടിമയായി മാറുന്നു. അവരുടെ ചിന്തയെ തടസ്സപ്പെടുത്തുന്നു. സമയം ഇത് കവർന്നെടുക്കുന്നു. ഒരേ സ്ഥലത്ത് ചടഞ്ഞിരുന്ന് കളിക്കുന്നതുമൂലം അവർപൊണ്ണത്തടിയരാകുന്നു. ഫേസ്ബുക്ക് പോലെയുള്ള മാധ്യമങ്ങളിൽ പരിചയപ്പെടുന്ന അജ്ഞാതരുടെ തട്ടിപ്പിൽ പെട്ട് തെറ്റായ വഴിക്കു നീങ്ങും.

എന്നാൽ ചില നല്ല കാര്യങ്ങളും സമൂഹമാധ്യമം വഴി നമുക്ക് ലഭിക്കുന്നുണ്ട്. നമുക്ക് അറിയാത്ത പാഠങ്ങൾ യു ട്യൂബിൽ കണ്ടു പഠിക്കാം. ഒട്ടേറെ പുതിയ പഠന വിഷയങ്ങളും അതിൽ ലഭ്യമാണ്. ഇങ്ങനെ ഒട്ടേറെ നല്ല കാര്യങ്ങൾ ഉണ്ടെങ്കിലും കുട്ടികൾക്ക് ഇവിടെ ഒരു അതിരു വയ്ക്കേണ്ടത് മാതാപിതാക്കളുടെ കടമയാണ്. കുട്ടികളുടെ റോൾ മോഡലായി അവർ മാറണം.

- സെൽ ഫോൺ ഉപയോഗിക്കുമ്പോൾ ചില കാര്യങ്ങളിൽ നോ പറയാൻ നാം പഠിക്കണം. കുട്ടികളോട് സംസാരിക്കുമ്പോൾ സെൽ ഉപയോഗിക്കരുത്.
- കുട്ടികൾക്ക് ഇഷ്ടപ്പെട്ട മറ്റു കളികൾ അവരെ പഠിപ്പിക്കണം. വീട്ടിൽ പൂന്തോട്ട നിർമ്മാണം, യോഗ, ടൈം മാനേജ്മെന്റ് എന്നിങ്ങനെ നിരവധി വിഷയങ്ങൾ പഠിപ്പിക്കുന്നത് സമൂഹ മാധ്യമത്തെ പറ്റി നല്ല അഭിപ്രായമുണ്ടാക്കാൻ സഹായിക്കും.
- കുട്ടികൾ ഓൺസ്ക്രീനിൽ ചെലവഴിക്കുന്ന സമയം കുറയ്ക്കാൻ മറ്റു മേഖലകളിലേക്ക് അവരുടെ ശ്രദ്ധ തിരിച്ചു വിടണം.
- സെൽഫോണിൽ വരുന്ന വ്യാജ വാർത്തകൾ എങ്ങനെ കൈകാര്യം ചെയ്യണം എന്ന് അവരെ പരിശീലിപ്പിക്കണം. ബാങ്കുകൾ അയക്കുന്ന അലേർട്ട് സന്ദേശങ്ങളെക്കുറിച്ചും ബോധവൽക്കരിക്കണം.
- സമൂഹമാധ്യമങ്ങളിൽവരുന്നപരസ്യങ്ങളിലെ ഭക്ഷ്യവസ്തുക്കളിൽ ആരോഗ്യകരമായവ മാത്രം ഉപയോഗിക്കുക. പണം അനാവശ്യമായി ഉപയോഗിക്കുന്നത് എങ്ങനെ തടയാം എന്നും കുട്ടികളെ ഉദാഹരണത്തോടെ പഠിപ്പിക്കാം.
- കുട്ടികൾ ആഗ്രഹിക്കുന്ന മേഖലകളിൽ എന്തെല്ലാം പഠിക്കാം, എങ്ങനെയുള്ള ജോലികൾക്ക് പോകാം എന്നതെല്ലാം കുട്ടികൾക്കൊപ്പം മാതാപിതാക്കൾക്കും തിരയാം.
- കുട്ടികൾക്ക്നേരിടേണ്ടി വരുന്ന സൈബർ ക്രൈമുകളെപ്പറ്റിയും അവ എങ്ങനെ അവരെ ബാധിക്കും എന്നും അവരെ ബോധ്യപ്പെടുത്തണം. തനിക്ക് ഇഷ്ടമല്ലാത്തത് ആരെങ്കിലും അയച്ചാൽ തങ്ങളെ അറിയിക്കണമെന്ന് കുട്ടികളോട് പറയണം. അച്ഛനമ്മമാർ ഏതു സാഹചര്യത്തിലും അവരെ സഹായിക്കും എന്ന തോന്നൽ സൃഷ്ടിക്കണം.

നിങ്ങളുടെ കുട്ടി വിജയക്കൊടി പാറിക്കാൻ സമൂഹ മാധ്യമവും ഒരു ഉപകരണമാകട്ടെ. •

തിരികെ ലഭിക്കും

ഒരു അപകടത്തിൽ സാരമായി പരിക്കേറ്റ ഒരാളെ, അത്യാസന്ന നിലയിൽ ആശുപത്രിയിൽ എത്തിച്ചു. അദ്ദേഹത്തിന്റെ കുടുംബത്തിന് അത്രകണ്ട് ധനശേഷി ഇല്ലെങ്കിലും, അരികിലുള്ള ഒരേയൊരു നല്ല ആശുപത്രി എന്നതിനാൽ ആ സ്വകാര്യ ആശുപത്രിയിൽ ചേർത്തു. ന്യായമായ ചെലവിൽ മേന്മയുള്ള ചികിത്സ നൽകുന്ന സ്ഥലം എന്ന പ്രശസ്തി ആ ആശുപത്രിക്ക് ഉണ്ട്.

ആ രോഗിയെ ആശുപത്രിയിൽ പ്രവേശിപ്പിക്കുമ്പോഴേ യദൃച്ഛയാ പ്രധാന ഡോക്ടർ അയാളുടെ മുഖം ശ്രദ്ധിക്കുകയുണ്ടായി. സ്തബ്ധനായിപ്പോയ ഡോക്ർ ഉടനേ അയാളെ ഓപ്പറേഷൻ തിയേറ്ററിൽ എത്തിച്ച് വിജയകരമായി ശസ്ത്രക്രിയ നടത്തി. 'രോഗിയെ നന്നായി ശ്രദ്ധിക്കണം. ഇദ്ദേഹത്തിന്റെ കുടുംബത്തിനോട് ഇപ്പോൾ ഒന്നിനും പണം വാങ്ങരുത്' എന്ന് അദ്ദേഹം നിർദ്ദേശിച്ചു.

നാലഞ്ചു ദിവസങ്ങളിൽ ഒരു വിധം ഭേദപ്പെട്ട അയാളെ സ്പെഷ്യൽ വാർഡിലേക്ക് മാറ്റി. ഇതുവരെ തങ്ങളോട് പണം ചോദിക്കാത്തതിൽ അവർക്കുവലിയആശയക്കുഴപ്പമായി.നഴ്സിനോട് അദ്ദേഹത്തിന്റെഭാര്യവിവരംആരാഞ്ഞു.'ഒരുപക്ഷേ അവസാനം എല്ലാം ചേർത്തു വാങ്ങാനായിരിക്കും.' എന്ന് നഴ്സ് പറഞ്ഞു.'ഈ ചികിത്സയ്ക്ക് എന്ത് ചെലവ് വരും?' അവർ ചോദിച്ചു. ഏകദേശം അഞ്ചു ലക്ഷത്തിലും കൂടുതൽ വരും എന്ന കണക്ക് പറഞ്ഞു. അപകടത്തിൽ ഉണ്ടായ മുറിവിലും വലിയ വേദനയായി ഇത്.

ചികിത്സയ്ക്ക് എങ്ങനെ പണം നൽകുമെന്ന വലിയ ഉൽക്കണ്ഠയായി ഭർത്താവിനും ഭാര്യക്കും. ആരോട് കടം ചോദിക്കാം എന്ന് അവർ ആലോചിച്ചു തുടങ്ങി. സ്ഥലം വിറ്റോ പണയം വച്ചോ പണം കണ്ടെത്താം എന്നതും അവർ ആലോചിക്കാതിരുന്നില്ല. രണ്ടാഴ്ചകൾക്കു ശേഷം രോഗിയെയും ഭാര്യയെയും ഡോക്ടർ മുറിയിലേക്ക് വിളിപ്പിച്ച് ബില്ല് കൊടുത്തു. അതിൽ തുക അഞ്ചര ലക്ഷം എന്ന് എഴുതിയിരുന്നു. 'ഈശ്വര കൃപയാൽ അത് അടയ്ക്കപ്പെട്ടു' എന്നും അതിൽ പ്രധാന ഡോക്ടർ എഴുതിയിരുന്നു.

ഡോക്ടറെ അതിശയത്തോടെ നോക്കി രോഗി. അപ്പോൾ ഡോക്ടർ ചോദിച്ചു, 'അനുജാ, നിനക്ക് എന്നെ മനസ്സിലായില്ലേ?' 'എവിടെയോ കണ്ട പോലെ തോന്നുന്നു. പക്ഷേ എവിടെയെന്ന് ഓർമ്മയില്ല,' രോഗി പറഞ്ഞു.

ഡോക്ടർ അപ്പോൾ ഒരു സംഭവം ഓർമ്മിപ്പിച്ചു. 'പത്തു വർഷങ്ങൾക്കു മുമ്പ് കുടുംബവുമൊത്ത് ഞാൻ ഒരു വിനോദയാത്രയ്ക്കു പോയി. കാനനപാതയിൽ കാർ കേടായി നിന്നു. റോഡിൽ ആരെയും കാണാനില്ല. രാത്രിയായി തുടങ്ങി. കാട്ടു

മൃഗങ്ങൾ നിറഞ്ഞ അവിടെ എന്താകുമോ എന്ന് ഭയന്ന് കുട്ടികൾ നിലവിളിക്കാൻ തുടങ്ങി.

കുറച്ച് സമയം കഴിഞ്ഞപ്പോൾ താങ്കൾ അതിലേ ബൈക്കിൽ വന്നു. അരികിൽ ബൈക്ക് നിർത്തി വിവരങ്ങൾ തിരക്കി. 'ഞാൻ കാർ മെക്കാനിക്കാണ്. ഇത് ശരിയാക്കാം' എന്നു പറഞ്ഞ് താങ്കൾ കുട്ടികൾക്ക് ധൈര്യം കൊടുത്ത് ബോണറ്റ് തുറന്നു നോക്കി. ബൈക്കിന്റെ ഹെഡ്‌ലൈറ്റ് വെളിച്ചത്തിൽ റിപ്പയർ ചെയ്തു. കാർ വീണ്ടും സ്റ്റാർട്ട് ആയി.

താങ്കൾ അന്ന് അവിടെ വന്നത് ഈശ്വര നിയോഗമാണ്. ആ സാഹചര്യത്തിൽ നിങ്ങൾ എത്ര വലിയ തുക ആവശ്യപ്പെട്ടാലും അത് അധികമായി തോന്നുമായിരുന്നില്ല. എന്നാൽ നിങ്ങൾ ഒരു കാശും വാങ്ങിയില്ല. 'പ്രശ്നങ്ങളിൽ അകപ്പെട്ടിരിക്കുന്നവർക്ക് സഹായം ചെയ്യുമ്പോൾ ഞാൻ അതിന് പ്രതിഫലം വാങ്ങില്ല. ഈ ജോലി ദൈവം എന്നെ ഏൽപിച്ചതാണ്' എന്ന് താങ്കൾ കൂപ്പിയ കൈകളോടെ പറഞ്ഞു.

അന്ന് ഞങ്ങൾ സന്തോഷത്തോടെ വീട്ടിൽ എത്തി. ആ സമയത്ത് താങ്കൾ പറഞ്ഞ വാക്കുകൾ എന്നെ ഇരുത്തിച്ചിന്തിപ്പിച്ചു. 'ഒരു സാധാരണ വ്യക്തിക്ക് ഇങ്ങനെ ഒരു കാഴ്ചപ്പാട് ഉണ്ടെങ്കിൽ നമ്മളും ഇത് പിന്തുടരണം' എന്ന് തീരുമാനിച്ചു.

അതുവരെ ഒരു ആശുപത്രിയിൽ ജോലിനോക്കിയിരുന്ന ഞാൻ ഈശ്വര കൃപയാൽ ഈ ആശുപത്രി തുടങ്ങി. ന്യായമായ തുകയ്ക്കപ്പുറം ഒന്നും വാങ്ങില്ല. സൗകര്യമുള്ളവർ ആവശ്യപ്പെടാതെ നൽകും. ഇല്ലാത്തവരെ നിർബന്ധിക്കാറില്ല.

താങ്കളെ എവിടെയെല്ലാമോ ഞാൻ തേടി നോക്കി. കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. ഇത്തരം ഒരു സാഹചര്യത്തിൽ താങ്കളെ കാണുമെന്ന് കരുതിയില്ല. താങ്കളുടെ തന്നെ നിയമം അനുസരിച്ച് താങ്കളിൽ നിന്ന് എനിക്ക് പണം വാങ്ങാൻ പറ്റില്ല. ഈശ്വരന്റെ കണക്കിലാണ് ഞാൻ ഈ ചെലവ് എഴുതിയത്. താങ്കൾ ഇവിടെ വന്നത് ഞാൻ വീട്ടിലും പറഞ്ഞു.' ഇങ്ങനെ ഡോക്ടർ പറയവേ ഉള്ളിൽ നിന്ന് ഭാര്യയും കുട്ടികളും വന്ന് അദ്ദേഹത്തെ വണങ്ങി. രോഗിയുടെ കൈകൾ അറിയാതെ ഉയർന്നു. ഡോക്ടറുടെ മുറിയിൽ വച്ചിരുന്ന ദൈവത്തിന്റെ ചിത്രങ്ങളെ വണങ്ങുമ്പോൾ അയാളുടെ കണ്ണുകൾ നിറഞ്ഞു.

നാം ചെയ്യുന്ന പ്രവർത്തികൾ നമുക്ക് തിരികെ ലഭിക്കും. ഇതിന് മറ്റൊരു ഉദാഹരണം.

ട്രെയിനിൽ ഒരു വൃദ്ധ മാമ്പഴം വിറ്റു കൊണ്ടിരുന്നു. അവിടെയെങ്ങും അൽഫോൻസാ മാമ്പഴത്തിന്റെ സുഗന്ധം പരന്നു. ഒരു പഴം 50 രൂപ എന്ന് വൃദ്ധ പറഞ്ഞപ്പോൾ ഒരാൾ 200 രൂപ നൽകി നാല് മാമ്പഴം വാങ്ങി. അവർ അടുത്ത കമ്പാർട്ട്മെന്റിലേക്ക് പോകുകയും ചെയ്തു.

അര മണിക്കൂർ കഴിഞ്ഞ് വൃദ്ധ തിരികെ അവിടെ വന്നു. അവരുടെ കൂടയിൽ ഉണ്ടായിരുന്ന എല്ലാ പഴങ്ങളും വിറ്റിരുന്നു. വലിയ വലിപ്പമുള്ള ഒരേ ഒരു പഴം മാത്രം ശേഷിച്ചിരുന്നു. അപ്പോൾ അവർ 200 രൂപയ്ക്ക് മാമ്പഴം ആദ്യം വാങ്ങിയ അയാളുടെ അടുത്തു വന്ന്, 'സാർ, ഇത് താങ്കളുടെ പഴമാണ്. എടുത്തോളൂ' എന്ന് പറഞ്ഞു.

'ഞാൻ നേരത്തേ വാങ്ങിയല്ലോ മുത്തശ്ശീ' എന്ന്

പറഞ്ഞു അദ്ദേഹം. 'അതെ, ഇതിന് താങ്കൾ ആദ്യമേ പണം നൽകി' എന്ന് മുത്തശ്ശി പറഞ്ഞു. അയാൾക്ക് ഒന്നും മനസ്സിലായില്ല. 'താങ്കൾ വില പേശാതെ അത് വാങ്ങി. മറ്റു പലരും വില പേശി ഒരു മാമ്പഴം 40 രൂപയ്ക്കു വാങ്ങി. താങ്കൾക്ക് അധിക വിലയ്ക്ക് വിൽക്കുന്നത് തെറ്റാണ്. അതിനാൽ താങ്കൾ ഇത് ദയവായി വാങ്ങണം' അവർ പറഞ്ഞു.

അതെ, നമുക്ക് അവകാശപ്പെട്ടത് എങ്ങനെയും തിരികെ വരും. ●

RAMRAJ

വെണ്മ

| പുതിയ കാഴ്ചകൾ |

വോള്യം 8 ലക്കം 6

ഫെബ്രുവരി 2026

ഓണററി എഡിറ്റർ

കെ ആർ നാഗരാജൻ

പത്രാധിപർ

ടി ജെ ജ്ഞാനവേൽ

എക്സിക്യൂട്ടീവ് എഡിറ്റർ

സെബാസ്റ്റ്യൻ ജോസഫ്

അസിസ്റ്റന്റ് എഡിറ്റർ

വേണുഗോപാൽ എസ്

പ്രൊഡക്ഷനും ഡിസൈനും

തരു മീഡിയ (പ്രൈ) ലിമിറ്റഡ്,

നം. 188, ഗ്രൗണ്ട് ഫ്ലോർ,

14-ആമത് ക്രോസ് സ്ട്രീറ്റ് ജങ്ഷൻ,

ഡിഫൻസ് കോളനി,

ഈക്കാട്ടുതാങ്കൽ,

ചെന്നൈ - 600 032

മൊബൈൽ - 9952920801

ഈ മാസികയുടെ ഒരു ഭാഗവും രേഖാപൂർവമുള്ള മുൻകൂർ അനുമതിയില്ലാതെ ഇലക്ട്രോണിക് മാധ്യമങ്ങൾ അടക്കം പുനപ്രസിദ്ധീകരിക്കുന്നത് പകർപ്പവകാശ നിയമനുസരിച്ച് നിരോധിക്കപ്പെട്ടിരിക്കുന്നു.

Published by

K.R. NAGARAJAN,

Published from10, Sengunthapuram

Mangalam Road, TIRUPUR–641 604.

Email: venmaii@ramrajcotton.net

മനുഷ്യൻ എത്ര സുന്ദരമായ പദം!

മനുഷ്യൻ എത്ര സുന്ദരമായ പദം എന്ന് കവികളും ചിന്തകരും പ്രഘോഷിക്കാറുണ്ട്. സുന്ദരമായ മുഖവും സൗമ്യമായ സ്വരവും മധുരമായ ചലനങ്ങളുമുള്ള അതേ മനുഷ്യർ തന്നെയാണ് ലോകത്തിലെ ക്രൂരമായ യുദ്ധങ്ങൾക്കും കിരാതമായ നരബലികൾക്കും മനുഷ്യ രാശിക്കെതിരെയുള്ള പോരാട്ടത്തിനും ചുക്കാൻ പിടിക്കുന്നത് എന്നത് ഒരു വൈരുദ്ധ്യമായി തോന്നാം.യഥാർത്ഥത്തിൽ ഒരു മൃഗത്തെ പോലെ തന്റേതായ ഒരു ലോകത്തിൽ ഇരയേയും പിടിച്ചു തിന്ന് ജീവിക്കുന്ന ഒരു മൃഗമായിരുന്നു നമ്മളെങ്കിൽ നമ്മെ പ്പറ്റി പുനർ വിചിന്തനങ്ങളോ വലിയ പ്രതീക്ഷകളോ ഉണ്ടാകുമായിരുന്നില്ല. എന്നാൽ നാം സമൂഹ ജീവികളാണ്. അതു കൊണ്ടു തന്നെ നമ്മുടെ ചെറിയ പ്രവർത്തികൾ പോലും നമ്മുടെ സമൂഹത്തെയും രാജ്യത്തെയുംബാധിക്കുന്നു.വ്യക്തിപരമായുംനമ്മുടെ തെറ്റായ ചിന്തകൾ നമ്മളെ ബാധിക്കാം. കാരണം നാം ജോൺ ഡൺ പറയും പോലെ ഒരു ദ്വീപല്ല, വലിയ ഒരു ലോകത്തിന്റെ ഭാഗമാണ്. ആ ഭാഗത്ത് എന്തെ ങ്കിലും ചെറിയ മാറ്റം ഉണ്ടാകുമ്പോൾ അത് നമ്മെ കൂടി ബാധിക്കുന്നു. നമ്മുടെയും സമൂഹത്തിന്റെയും നല്ല യാത്രയ്ക്ക് അതു കൊണ്ടു തന്നെ നല്ല വിധത്തിലുള്ള പ്രവർത്തികൾ ആവശ്യമാണ്. അതിന് നമുക്ക് സദ്ഗുണങ്ങൾ ഉണ്ടാകണം. അതു വഴി ഉണ്ടാകുന്ന സ്വഭാവ മഹിമയാണ് നമ്മുടെയും സമൂഹത്തിന്റെയും ഭാവി നിശ്ചയിക്കുന്നത്.

എത്ര സമ്പാദ്യവും സൗകര്യങ്ങളും ഉണ്ടെങ്കിലും സദ്ഗുണങ്ങൾ ഇല്ലെങ്കിൽ അത് നമുക്കോ സമൂഹത്തിനോ ഒട്ടും ഗുണകരമല്ല. അതു കൊണ്ടു തന്നെ ചെറിയപ്രായം തൊട്ടേ സ്നേഹത്തിൽ അധിഷ്ഠിതമായ നീതി പൂർവമായ സ്വഭാവ വിശേഷങ്ങൾ നാം ആർജിക്കണം. അത് നമ്മുടെ സ്വഭാവത്തിന്റെ ഭാവമായി നൈസർഗികമായി മാറണം. അങ്ങനെ വരുമ്പോഴേ നമുക്കും നമ്മുടെ ചുറ്റുമുള്ളവർക്കും സന്തോഷവും സമാധാനവും നൽകാൻനമുക്ക്കഴിയൂ.നമ്മുടെസ്വഭാവമാണ്ജീവിതം നിശ്ചയിക്കുന്നത് എന്ന ചൊല്ല് അർത്ഥവത്താണ്. അങ്ങനെയും ജീവിക്കാം എന്ന് പറയാം. അല്ലെങ്കിൽ എങ്ങനെയും അധമവികാരങ്ങളോടെ നമുക്ക് ജീവിച്ചു പോകാം.പക്ഷേനല്ലസ്വഭാവമഹിമയുള്ളവർതന്നെയും ലോകത്തെയും നന്നായി അടയാളപ്പെടുത്തുന്നു. അറിയാതെ നാം പറഞ്ഞു പോകുന്നു, മനുഷ്യൻ എത്ര സുന്ദരമായ പദം! ●

RAMRAJ
mrithu®
TOWELS
SOFT LIKE
Foam
MRITHU PREMIUM
BATH TOWELS
BAMBOO TOWELS
SIGNATURE TOWELS
TERRY TOWELS
STRIPED & CHECKERED
TOWELS
SUPER SOFT & SUPER ABSORBENT
Available at Ramraj Showrooms and All Leading Textile Shops

RAMRAJ ©
CULTURE CLUB®
MATCHING DHOTIS • SHIRTS
TIMELESS
DRAPES
TRENDSETTING
SHADES

RAMRAJ
SHIRTINGS & SUITINGS
COTTON • LINEN • TRADITIONAL
100% Premium Fabrics

Kokhila®
WOMEN'S INNERWEARS
BY
RAMRAJ

നിങ്ങളുടെ വീട്ടിൽ
വെണ്മ എത്തണ്ടേ?

വെണ്മ

വരിക്കാരാകൂ

'ഉന്നതമായ ചിന്തകൾ ലോക മെമ്പാടും എത്തേണ്ടതുണ്ട്' എന്ന ഉൽകൃഷ്ടമായ ലക്ഷ്യത്തിൽ മികവുറ്റ ലക്കങ്ങൾ തുടർന്നും എത്തിച്ചു കൊണ്ടിരിക്കുകയാണ് വെണ്മ. ഓരോ കുടുംബവും അമൂല്യ മായ നിധി പോലെ സൂക്ഷിക്കേണ്ട ഒന്നാണ് ഈ ലക്കം

ഒരു വർഷം സബ്സ്ക്രിപ്ഷൻ 200 രൂപ
രണ്ട് വർഷം സബ്സ്ക്രിപ്ഷൻ 380 രൂപ

VENMAII എന്ന പേരിൽ എഴുതിയ/എടുത്ത ചെക്ക്/ഡിഡി അയക്കുക. അതിന്റെ പിൻഭാഗത്ത് നിങ്ങളുടെ പേരും വിലാസവും എഴുതണം.

അല്ലെങ്കിൽ

VENMAII എന്ന പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (A/C No:1809135000000299 Karur Vysya Bank, Tirupur SR Nagar Branch - IFSC: KVBL0001809) പണം ചെലുത്തി ആ രസീതിന്റെ പകർപ്പ് സബ്സ്ക്രിപ്ഷൻ ഫോമിനോടൊപ്പം അയക്കാം.

വെണ്മ
രാംരാജ് വി ടവർ.
10, ചെങ്കുന്തപുരം, മംഗലം റോഡ്,
തിരുപ്പൂർ-641 604
email: venmaii@ramrajcotton.net

സബ്സ്ക്രിപ്ഷൻ അടയ്ക്കാനും വെണ്മ ലക്കം മൊത്തത്തിൽ വാങ്ങാനും ബന്ധപ്പെടൂ.
ഫോൺ:
0421-4304106, 98422 74137

ഒരു നിമിഷം കൊണ്ട് വെണ്മയുടെ വരിക്കാരാകാം

1. നിങ്ങളുടെ സബ്സ്ക്രിപ്ഷൻ PhonePe G Pay എന്നിവ വഴി അടയ്ക്കാം.

UPI ട്രാൻസാക്ഷനിലൂടെയും മൊബൈൽ ഫോൺവഴിയും വെണ്മയുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം. വെണ്മ UPI id: kvbupiqr.75626@kvb

Bharat QR code സൗകര്യമുള്ള മൊബൈൽ ബാങ്കിങ് ആപ്പ് ഉപയോഗിക്കുന്നവർ, അതിൽ ഇവിടെ നൽകിയിരിക്കുന്ന വെണ്മയുടെ ബാങ്ക് അക്കൗണ്ടിന്റെ QR code സ്കാൻ ചെയ്ത് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം.

2. പണം അടച്ചതായി ബാങ്കിൽ നിന്നുള്ള സന്ദേശം Forward ചെയ്യൂ

3. അതോടൊപ്പം പൂർണമായ മേൽവിലാസവും മൊബൈൽ ഫോൺ നമ്പരും വാട്സ്ആപ്പ് ചെയ്യൂ. മൊബൈൽ ഫോൺ നം: 98422 74137

ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ:
Venmaii
A/C No: 1809135000000299, Karur Vysya Bank
Tirupur SR Nagar Branch, IFSC Code :KVBL0001809.

വിദ്യാർത്ഥികൾക്ക് പ്രത്യേക കിഴിവ്

ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~200~~ രൂപ **125** മാത്രം
രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~380~~ രൂപ **250** മാത്രം

(ആറാം ക്ലാസിനു മുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ വിദ്യാർത്ഥികൾ തിരിച്ചറിയൽ കാർഡിന്റെ പകർപ്പും അയക്കണം)

സീനിയർ സിറ്റിസൺ പ്രത്യേക കിഴിവ്

ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~200~~ രൂപ **125** മാത്രം
രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~380~~ രൂപ **250** മാത്രം

(60 വയസ്സിനു മുകളിലുള്ളവർക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ ജനനത്തീയതിയുടെ തെളിവിന്റെ പകർപ്പും അയക്കണം.)

ഷോറൂമുകളിൽ നിന്ന് 10,000 രൂപയ്ക്കു മേൽ ഉൽപന്നങ്ങൾ വാങ്ങുന്നവർക്ക് ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ സമ്മാനമായി നൽകും

സഹായഹസ്തം നീട്ടുന്നതാണ് ഉന്നതമായ സംസ്കാരം

മനുഷ്യൻ തീയെക്കുറിച്ച് അറിഞ്ഞപ്പോൾ സംസ്കാരം വളർന്നു... ഇരുമ്പ് ഉപയോഗപ്പെടുത്താൻ പഠിച്ചപ്പോൾ സംസ്കാരം വളർന്നു... ചക്രം ഉണ്ടാക്കിയപ്പോഴോ മനുഷ്യർക്ക് വേഗത്തിൽ സഞ്ചരിക്കാൻ കഴിഞ്ഞു, അതിനാൽ അപ്പോഴാണ് സംസ്കാരം വളർന്നത് എന്നെല്ലാം ചരിത്രം വിവരിക്കും. മനുഷ്യ സംസ്കാരത്തിന്റെ പഴക്കത്തിനെ ലക്ഷക്കണക്കിന് വർഷങ്ങൾക്ക് പിന്നിലേക്ക് അവർ കൊണ്ടുപോകും.

പക്ഷേ, മാർഗരറ്റ് മീഡ് എന്ന പ്രശസ്ത നരവംശശാസ്ത്രജ്ഞ ഇതിൽ നിന്ന് വ്യത്യസ്തയാണ്. 'മനുഷ്യ സംസ്കാരം രൂപപ്പെട്ടത് പതിനയ്യായിരം വർഷങ്ങൾക്ക് മുമ്പാണ്' എന്ന് അവർ പറയുന്നു.

നരവംശശാസ്ത്രം മനസ്സിലാക്കാൻ സ്ഥിതിവിവരക്കണക്കുകളും ഉൽഖനനവസ്തുക്കളും ഉറപ്പായും വേണം. അത് ശാസ്ത്രീയമായി മനസ്സിലാക്കൽ.പക്ഷേ,അതിനുമുമ്പ്'മനുഷ്യസംസ്കാരം എന്നാൽ എന്ത്' എന്ന് വൈകാരികമായി നാം മനസ്സിലാക്കേണ്ടതുണ്ട്' എന്ന് പറയുന്നു അവർ.

അവർ ഒരു സംഭവം എടുത്തു കാട്ടി വൈകാരികമായി മനുഷ്യ സംസ്കാരം മനസ്സിലാക്കാൻ പറയുന്നു. 'പതിനയ്യായിരം വർഷങ്ങൾക്കു മുമ്പ് ജീവിച്ച ഒരു മനുഷ്യന്റെ അസ്ഥികൂടം ഞങ്ങൾക്ക് ലഭിച്ചു. മറ്റ് അസ്ഥികൂടങ്ങൾക്കും അതിനും എന്താണ് വ്യത്യാസം എന്നറിയാമോ? ആ അസ്ഥികൂടത്തിന് സ്വന്തമായ മനുഷ്യന്റെ തുടയെല്ലുകൾ ഒടിഞ്ഞ്, ചില കാലം കൊണ്ട് അത് ഭേദമായി, വീണ്ടും അദ്ദേഹം വേട്ടയ്ക്കു പോയി സ്വാഭാവികമായി ജീവിച്ച് ഒടുവിൽ സാധാരണ പോലെ മരിച്ചു. അതാണ് ഞങ്ങൾ കണ്ടുപിടിച്ച വ്യത്യാസം' എന്ന് പറയുന്നു അവർ.

ഇത് വായിക്കുന്ന ആർക്കും ആശയക്കുഴപ്പം ഉണ്ടാകാം.മാർഗരറ്റ്മീഡ്വിവരിക്കുന്നു.'മനുഷ്യനും മൃഗമാണ്. മറ്റ് മൃഗങ്ങൾ എങ്ങനെ വിശപ്പകറ്റാൻ ജീവിക്കുന്നുവോ അതു പോലെ തന്നെയാണ് മനുഷ്യനും. അപ്രതീക്ഷിത ആക്രമണം ഉണ്ടായാൽ ഓരോരുത്തരും ഒറ്റയ്ക്കൊറ്റയ്ക്ക് രക്ഷപ്പെടാൻ നോക്കുന്നതല്ലാതെ, സഹമനുഷ്യനെ രക്ഷിക്കണം എന്ന് ചിന്തിക്കില്ല. കാരണം, അപ്പോഴത്തെ മനുഷ്യൻ മൃഗങ്ങളുടേതിന് സമാനമായ സ്വഭാവം ഉള്ളവരായിരുന്നു. ഇങ്ങനെയാണ് മനുഷ്യൻ ലക്ഷക്കണക്കിന് വർഷങ്ങൾ ജീവിച്ചത്.

ഇത്തരത്തിലുള്ള ജീവിതശൈലിയിൽ ഒരു മനുഷ്യന്റെ തുടയെല്ല് പൊട്ടിപ്പോയാൽ അവന്റെ

ജീവിതം അവസാനിച്ചുവെന്ന് കരുതാം. അവനെ അവിടെത്തന്നെ ഉപേക്ഷിച്ച് അവർ പോയിരുന്നിരിക്കും. അവരെ സംബന്ധിച്ച് അത് തെറ്റായ പ്രവൃത്തി അല്ല. ഇത്തരത്തിലുള്ള ചുറ്റുപാടിൽ ഒരു മനുഷ്യന്റെ തുടയെല്ല് പൊട്ടി അത് പൂർവസ്ഥിതി പ്രാപിച്ചുവെന്നാൽ, അവനെ ഒരാളോ പലരോ ഒരു ഗുഹയിൽ ഭദ്രമായി പാർപ്പിച്ചിരിക്കണം. ദിവസവും അവന് ആവശ്യമായ ഭക്ഷണം നൽകിയിരിക്കണം. അവന്റെ എല്ലാ ദിനചര്യകളിലും സഹായം ചെയ്തിരിക്കണം. ഇതെല്ലാം ചെയ്തിരുന്നാലേ, ആ മനുഷ്യന് ആരോഗ്യം വീണ്ടെടുത്ത് വേട്ടയാടാൻ കഴിയൂ.

ഒരു മനുഷ്യൻ നിസ്വാർത്ഥമായി മറ്റൊരു മനുഷ്യന്റെ ക്ഷേമത്തിൽ താൽപര്യം കാട്ടുമ്പോഴാണ് അവിടെ സംസ്കാരം രൂപപ്പെടുന്നത്. ചക്രം കണ്ടുപിടിച്ചതോ തീ ഉണ്ടാക്കാൻ കണ്ടുപിടിച്ചതോ ഒന്നും സംസ്കാരം അല്ല. ഒരു മനുഷ്യന്റെ തുടയെല്ല് പൊട്ടി അവൻ കഷ്ടപ്പെടുമ്പോൾ, മറ്റുള്ളവർ കരുതൽ എടുത്തില്ലേ.... അവിടെയാണ് മനുഷ്യ സംസ്കാരം ഉടലെടുത്തത്' എന്ന് പറയുന്നു മാർഗരറ്റ് മീഡ്.

മറ്റുള്ളവർക്ക് സഹായം ചെയ്യുന്നിടത്താണ് മനുഷ്യ സംസ്കാരത്തിന്റെ ആരംഭം. മനുഷ്യരായ നാമെല്ലാവരും മറ്റുള്ളവർക്ക് കഴിയുന്നത്ര സഹായം ചെയ്യണം. അത് ചെറുപ്രായത്തിലേ കുട്ടികളിൽ ശീലിപ്പിക്കണം. പരിചയമുള്ളവർക്ക് സഹായം ചെയ്യുന്നത് മാത്രമല്ല, മുൻപരിചയമില്ലാത്തവർക്കും സഹായം ചെയ്യുന്നതാണ് സംസ്കാരമുള്ള മനുഷ്യന്റെ ഗുണം. ●

മതിപ്പ് മനസ്സിൽ നിന്ന് വരും



ഒരു വയോധികനെ ഒരു ധനികന്റെ വീട്ടിൽ വിരുന്നിന് ക്ഷണിച്ചു. അദ്ദേഹം വടി ഊന്നിയൂന്നിയാണ് ആ വീട്ടിൽ എത്തിയത്. വീട്ടിൽ കടന്നപ്പോൾ, താൻ ഊന്നിവന്ന വടി തലകീഴായിപ്പിടിച്ച് നടന്നു. അതു കൊണ്ട് അദ്ദേഹത്തിന് സാധാരണ പോലെ നടക്കാൻ കഴിഞ്ഞില്ല.

വിരുന്നിനെത്തിയിരുന്ന പലരും അദ്ദേഹത്തെ കളിയാക്കി. വയോധികൻ ചിരിച്ചു കൊണ്ട്, 'വീട്ടിലെ പരവതാനി ഭംഗിയായിട്ടുണ്ട്. ഞാൻ റോഡിൽ ഉപയോഗിച്ച ഊന്നുവടിയുടെ കീഴ്ഭാഗത്ത് പിടിച്ച അഴുക്കുകൾ ഈ പരവതാനിയെ വൃത്തികേടാക്കരുത് എന്നതിനാലാണ് ഊന്നുവടി തിരിച്ചു പിടിച്ചത്' എന്ന് പറഞ്ഞു. ഇത് കേട്ട് എല്ലാവരും തല കുനിച്ചു.

ഈ വയോധികനെപ്പോലെ ജീവിതത്തിൽ ബഹുമാനം നേടാൻ എപ്പോഴും പിന്തുടരേണ്ട കാര്യങ്ങൾ:

◆ കൂട്ടമായി പിന്തുടരുന്ന എന്തും കണ്ണുമടച്ച് പിന്തുടരരുത്. വലിയ കൂട്ടങ്ങൾ എപ്പോഴും ചോദ്യം ചോദിക്കാതെ ആരെയെങ്കിലുമൊക്കെ പിന്തുടരും.

◆ കൂടുതൽ പേർ സഞ്ചരിക്കാത്ത പാതയിൽ സഞ്ചരിക്കുന്നതാണ് മികവ്. പക്ഷേ, 'എന്തു കൊണ്ട് മറ്റുള്ളവർ ഈ പാത ഒഴിവാക്കുന്നു' എന്ന് ബോധ്യപ്പെട്ട് യാത്ര ആരംഭിക്കണം.

◆ ആരെയെങ്കിലും വിമർശിക്കുന്നതിനു മുമ്പ് ചിന്തിക്കണം. ഒരാളെക്കുറിച്ച് അഭിപ്രായം പറയുന്നതിന് മുമ്പ് ശ്രദ്ധിക്കണം. നിങ്ങൾ എന്തു ചെയ്താലും, അത് പലമടങ്ങായി മടങ്ങിയെത്തും.

◆ നിങ്ങൾ കണ്ടുമുട്ടുന്ന എല്ലാവർക്കും നിങ്ങളുടെ ജീവിതത്തിൽ സ്ഥാനമുണ്ട് എന്നത് പാഠമായി പഠിക്കണം.

◆ നിങ്ങളുടെ ഇന്നത്തെ തീരുമാനങ്ങൾക്ക് ഭാവിയിൽ നൽകേണ്ട വില എന്ത് എന്നതാണ് നിങ്ങൾ കണക്കാക്കേണ്ട പ്രധാന കണക്ക്.

ഒരു ഓഫീസിൽ ജോലി ചെയ്യുന്ന ഒരു യുവാവ് ഒരുഐഫോൺവാങ്ങിയിരുന്നു.എഴുപതിനായിരം രൂപയുടെ ഫോൺ. പ്രശ്നം ഇതാണ്, അവൻ തന്റെ ഫോൺ മേശപ്പുറത്ത് വച്ച ശേഷം ഓഫീസ് മുഴുവനും നടന്ന് എല്ലാവരോടും സംസാരിക്കും. ചില സമയങ്ങളിൽ ഫോൺ സംസാരിച്ചു കൊണ്ടേ മറ്റുള്ളവരുടെ അടുത്തു പോയി ഇരിക്കും. തുടർന്ന് ആ മേശപ്പുറത്ത് ഫോൺ വച്ചു പോകും.

'ദേ, ഫോൺ എടുത്തിട്ടു പോകൂ' എന്ന് ആ മേശയിലെ ജീവനക്കാരൻ പറഞ്ഞാൽ, 'ഫോൺ എവിടെ പോകാൻ, ഓഫീസിൽ ആര് ഇത് എടുക്കാൻ?' എന്ന് പറയും. മാനേജർ അവനെ ഉപദേശിച്ചു. 'ഇത് കാണാതെ പോയാൽ, നിങ്ങൾ അന്വേഷിക്കുന്ന വേഗത്തിൽ എല്ലാരെയും സംശയിക്കും. ഫോൺ നഷ്ടപ്പെട്ടത് നിങ്ങളുടെ പ്രശ്നം മാത്രമാകാതെ അത് എല്ലാവരുടേയും പ്രശ്നമായി മാറും' എന്ന് മുന്നറിയിപ്പു നൽകി. ആ യുവാവ് ഒരു പരിഹാസച്ചിരി ചിരിച്ച് പോയി.

ചില ആഴ്ചകൾ കഴിഞ്ഞപ്പോൾ ആ യുവാവിന്റെ ഫോൺ കാണാതെ പോയി. പരിഭ്രമത്തോടെ, 'ആരെങ്കിലും കണ്ടോ... കണ്ടോ' എന്ന് എല്ലാവരോടും ചോദിച്ച് എല്ലാവരേയും സംശയിച്ചപ്പോൾ ഓഫീസിലെ മറ്റുള്ളവർക്ക് അത് ബുദ്ധിമുട്ടായി. ഒടുവിൽ നോക്കിയപ്പാൾ, അവൻ ഫോൺ വീട്ടിൽ മറന്നതായിരുന്നു.

മാനേജർ ഇപ്പോഴും ഉപദേശിച്ചു, 'ചില വസ്തുക്കൾ ഉടമസ്ഥർ ഭദ്രമായി സൂക്ഷിക്കുന്നത് അവർക്ക് മാത്രമല്ല, മറ്റുള്ളവർക്കും നല്ലതാണ്.'

ലീലാ കൃഷ്ണൻ എഴുതിയ ചെറുകഥയാണ് 'മെല്ലെ ടെറസിലെ പടിക്കെട്ടുകൾ കയറി.' സമാനമായ സംഭവം അതിൽ നടക്കുന്നുണ്ട്. സുശീല എന്ന 30 വയസ്സുകാരി തന്റെ അഞ്ച് വയസ്സുള്ള കുട്ടിയുമായി മുംബയിൽ നിന്ന് ചെന്നൈയ്ക്ക് വരുന്നു. ചെന്നൈയിൽ അവളുടെ ചിറ്റപ്പന്റെ മകളുടെ വിവാഹം.

വിവാഹം വീട്ടിൽ ഭംഗിയായി നടക്കുന്നു. വീട്ടിൽ നിറയെ അതിഥികൾ എന്നതിനാൽ, അന്ന് രാത്രി കുട്ടികളെ വരിവരിയായി ടെറസിൽ നല്ല പായയും ബെഡ് ഷീറ്റും വിരിച്ച് ഉറക്കുന്നു. സ്ത്രീകൾ വീട്ടിനുള്ളിലും പുരുഷന്മാർ സൗകര്യം പോലെ വീടുകളുടെ തിണ്ണകളിലും ഉറങ്ങാൻ കിടക്കുന്നു.

അർധ രാത്രിയിൽ സുശീലയ്ക്ക് പെട്ടെന്ന് ഭയം തോന്നി. 'എന്റെ കുഞ്ഞ് ടെറസിൽ കിടക്കുകയാണല്ലോ. അവളുടെ കഴുത്തിൽ മൂന്നു പവന്റെ മാല ഉണ്ടല്ലോ. ഒരു പക്ഷേ ടെറസിൽ കുട്ടികൾക്ക് കൂട്ടുകിടക്കുന്ന വയസ്സായ ജോലിക്കാരൻ അത് മോഷ്ടിച്ചാലോ?'

ഉടനേ ടെറസിൽ പോയി മകളെ നോക്കാമെന്ന് കരുതി എഴുന്നേറ്റു. അവളുടെ വൃദ്ധയായ ആന്റി 'എന്താപ്രശ്നം' എന്ന് ചോദിച്ചതും, സുശീല കാര്യം പറയുന്നു. 'ആ ജോലിക്കാരൻ സത്യസന്ധനാണ്' എന്ന് സമാധാനപ്പെടുത്തി. പക്ഷേ, സുശീലയ്ക്ക് സമാധാനമായില്ല. എന്നാൽ, 'ഞാൻ പോയി നോക്കാം' എന്ന് ആന്റി ടെറസിലേക്കുള്ള പടിക്കെട്ട് തപ്പിത്തടഞ്ഞ് കയറി ഇരുട്ടിൽ കുഞ്ഞിനെ കണ്ടുപിടിച്ച് അവളുടെ കഴുത്തിൽ തപ്പി നോക്കി. 'അയ്യോ, ചെയിൻ കാണാനില്ലല്ലോ' എന്ന് ആന്റി പരിഭ്രമിച്ചതും, 'ആരാ അത്?' എന്ന് ചോദിച്ച് ജോലിക്കാരൻ ലൈറ്റ് ഇടുകയും ആന്റിയും ജോലിക്കാരനും പരസ്പരം കാണുകയും ചെയ്തു.

ജോലിക്കാരനോട് 'ചെയിൻ എവിടെ?' എന്ന് ആന്റി ചോദിച്ചതും, 'നിങ്ങളല്ലേ കുട്ടിയുടെ കഴുത്തിൽ തപ്പിയത്. നിങ്ങൾ പറയൂ' എന്ന് അയാൾ തിരികെ ചോദിച്ചു. രണ്ടു പേരും വാഗ്വാദത്തിലായി. എല്ലാവരും ഓടിയെത്തി. ജോലിക്കാരനെ പരിശോധിച്ചു. അയാളുടെ പക്കൽ ആഭരണം ഇല്ല. സുശീലയെ അവളുടെ അമ്മ വിളിച്ചു കൊണ്ടുപോയി. 'സുശീ, നിന്റെ ആന്റി വളരെ ബുദ്ധിമുട്ടിലാണ്. അവളുടെ മകളെ ഭർത്താവ് വീട്ടിൽ കൊണ്ടാക്കിയിരിക്കുക യാണ്. മൂന്ന് പവൻ നൽകിയാലേ മകളെ തിരികെ കൊണ്ടു പോകുകയുള്ളൂവെന്ന് പറഞ്ഞിരി ക്കുകയാണ്. അതു കൊണ്ട് നിന്റെ ആന്റിയും അത് എടുക്കാൻ സാധ്യതയുണ്ട്. അവളോട് ചോദിച്ചാൽ അത് കുടുംബത്തിന് നാണക്കേടാണ്. അതു കൊണ്ട് അക്കാര്യം മറന്നേക്കൂ' എന്ന് പറഞ്ഞു.

രാവിലെ എഴുന്നേറ്റതും സുശി മകളോട് ആഭരണത്തെക്കുറിച്ച് ചോദിച്ചു. 'അമ്മാ, ഞാൻ അത് അമ്മയുടെ ആഭരണപ്പെട്ടിയിലിട്ട് സ്യൂട്ട്കേസിൽ വച്ചു. രാത്രി ആഭരണമിട്ട് ഉറങ്ങാൻ പാടുണ്ടോ?' എന്ന് നിഷ്കളങ്കമായി ചോദിച്ചു. ജോലിക്കാരനെയും ആന്റിയെയും സംശയിച്ചതിൽ സുശീല വിഷമിച്ചു.

'പത്ത് വർഷമായി ഞാൻ ഇവിടെ ജോലി ചെയ്യുന്നു, എന്നെ സംശയിച്ചല്ലോ' എന്ന് ജോലിക്കാരൻ വേദനിച്ചു. 'അച്ഛന്റെ കൂടെപ്പിറപ്പ്. എന്നെ സംശയിക്കുകയാണോ' എന്ന് ആന്റിക്ക് വിഷമം. വിലയുയർന്ന വസ്തുക്കൾ എവിടെയെങ്കിലും വച്ച ശേഷം, അടുപ്പക്കാരായ മനുഷ്യരെ വിഷമത്തിലാക്കരുത്.

വിനീതരായിരിക്കണം

- മരങ്ങൾ പോലും ഫലങ്ങൾ നിറഞ്ഞിരിക്കുമ്പോൾ തല കുമ്പിട്ടിരിക്കും. എത്ര സമ്പാദിച്ചാലും വിനീതരായിരിക്കണം.
- സൗന്ദര്യം ആകാരത്തിനല്ല. നമ്മുടെ പെരുമാറ്റത്തിലും പ്രവർത്തിയിലും നമ്മുടെ ഹൃദയത്തിൽ വെളിപ്പെടുത്തുന്ന അലിവിലും ആണ് ഉള്ളത്.
- കഴിഞ്ഞ കാലം പോലെ ആയിരിക്കില്ല തീർച്ചയായും ഭാവി. നമ്മുടെ പ്രവർത്തികളാണ് നമ്മുടെ ഭാവി നല്ലതും കെട്ടതുമാക്കി മാറ്റുന്നത്.
- ചില പ്രവർത്തികൾ 'ഇത് നമുക്ക് സാധ്യമല്ല' എന്ന് തോന്നും. നമുക്ക് ആ പ്രവൃത്തി ഇഷ്ടമില്ലാത്തപ്പോഴാണ് അങ്ങനെ തോന്നുന്നത്. നാം ഇഷ്ടപ്പെട്ടാൽ അത് നമുക്ക് സാധ്യമാകും.
- ചില കാര്യങ്ങൾ ചിന്തിച്ച് ഭയപ്പെടുന്നതിനാൽ നാം ഭീരു അല്ല. എല്ലാവരും ഏതെങ്കിലും ഒരു കാര്യം ചിന്തിച്ച് ഭയപ്പെടുന്നത് സാധാരണമാണ്. ഭയം അപമാനമല്ല.
- അവസരം വരുമ്പോൾ കൈവിടരുത്. ചില സമയങ്ങളിൽ രണ്ടാമതൊരു അവസരം ലഭിക്കാതെ പോകാം.
- കരുണയും കടപ്പാടും പല ക്ലേശങ്ങളിൽ നിന്ന് നിങ്ങളെ രക്ഷിക്കും. എല്ലാവരോടും എല്ലാ കാര്യത്തിനും നന്ദി പ്രകാശിപ്പിക്കണം.

അർബുദ രോഗികൾക്ക് മികച്ച ചികിത്സ നൽകുന്ന ഒരു പ്രശസ്ത ആശുപത്രി അത്. അവിടെയുള്ള ഡോക്ടർമാർ ഏറ്റവും അനുയോജ്യമായ ചികിത്സ നൽകും, ആരോഗ്യപ്രവർത്തകർ കരുതലോടെ ശുശ്രൂഷിക്കും. അതിനാൽ രോഗികൾക്ക് വീണ്ടും ആത്മവിശ്വാസം കൈവരും.

അവരിൽ പലർക്കും ഒരേ പ്രശ്നം ഭക്ഷണമാണ്. അർബുദത്തിനുള്ള കീമോതെറാപ്പി ചികിത്സയിൽ വായ കയ്ക്കും. ഇടയ്ക്കിടെ ഓക്കാനം ഉണ്ടാകും. അതു കൊണ്ടു തന്നെ വേണ്ട രീതിയിൽ ഭക്ഷണം കഴിക്കാൻ കഴിയാതെ ബുദ്ധിമുട്ടും. ആശുപത്രിയിൽ ഭക്ഷണത്തിന് രുചിയേക്കാൾ ആരോഗ്യത്തിന് പ്രാധാന്യം നൽകും. അതിനാൽ തന്നെ സാധാരണഗതിയിൽ അവർക്ക് അത് ഇഷ്ടപ്പെടാതെ പോകും.

കുട്ടികളുടെ വാർഡിൽ ഭക്ഷണത്തിന്റെ ഉത്തരവാദിത്തമുള്ള ഷീല ഇക്കാര്യത്തിൽ കൂടുതൽ കരുതൽ കാണിക്കും. രോഗമുക്തി എന്നത് ഭക്ഷണത്തിൽ നിന്നാണ് ആരംഭിക്കുന്നത് എന്നാണ് അവർ ചിന്തിക്കുന്നത്. ഓരോ കുട്ടിക്കും എത്തിക്കുന്ന ഭക്ഷണ പ്ലേറ്റ് ഒഴിഞ്ഞ് തിരിച്ചെത്തണം എന്ന് ചിന്തിക്കും. ആരെങ്കിലും കഴിക്കാതെ തിരിച്ചയച്ചാൽ, ആ കുട്ടിയോട് ചെന്ന് കാര്യം തിരക്കും.

എട്ടു വയസ്സുള്ള കിരൺ, അവിടെ എത്തിയ ദിവസം തന്നെ ഭക്ഷണം കഴിച്ചില്ല. കീമോതെറാപ്പി കൊണ്ട് വായ കയ്ക്കുന്നു എന്ന് പറഞ്ഞ് കരഞ്ഞു കൊണ്ടിരുന്നു. അൽപം ബിസ്കറ്റ് മാത്രം കഴിച്ചു. ഷീല കൊടുത്തയച്ച ഭക്ഷണം അതേ പോലെ തിരിച്ചെത്തി. ഷീല ചെന്ന് അവനോട് സംസാരിച്ചു. 'എന്ത് കഴിക്കാനാണ് ഇഷ്ടം? എന്താ കഴിക്കാത്തത്?' എന്നൊന്നും ചോദിക്കാതെ അവനോട് കളിതമാശയായി അൽപ നേരം സംസാരിച്ചു. 'നിനക്ക് പനി വന്നാൽ എന്ത് കഴിക്കും?' എന്ന് ചോദിച്ചു. 'ഞങ്ങളുടെ മുത്തശ്ശി കഞ്ഞിയും ചമ്മന്തിയും ഉണ്ടാക്കിത്തരും. നല്ല രുചിയാണ്' എന്ന് പറഞ്ഞു കിരൺ.

ഉടനേ തന്നെ ചൂടു കഞ്ഞിയും ചമ്മന്തിയും തയാറാക്കി കിരണിന് കൊണ്ടു കൊടുക്കാൻ പറഞ്ഞു അവർ. അൽപ നേരം കൊണ്ട് കഞ്ഞി പ്ലേറ്റ് കാലിയായി. അടുത്തടുത്ത ദിവസങ്ങളിൽ അവന് എന്തൊക്കെയാണ് ഇഷ്ടം എന്ന് ചോദിച്ചറിഞ്ഞ് പാചകം ചെയ്തു നൽകി. മരുന്നുകളോടൊപ്പം ഭക്ഷണവും ചേർന്ന് അവന് ആത്മവിശ്വാസം നൽകിയപ്പോൾ, പെട്ടെന്ന് രോഗമുക്തി നേടി.

രോഗം ഭേദമായി വീട്ടിലേക്ക് മടങ്ങുന്ന ദിവസം, അവൻ ഷീലയെ ഒരു മനോഹരമായ ചിത്രമായി വരച്ചു നൽകി. ഏതെങ്കിലും ഒരു കുട്ടി കഴിക്കാതെ ഭക്ഷണം തിരികെ എത്തിയാൽ, ഷീല ആ ചിത്രത്തിൽ നോക്കും. ഉടനേ പോയി കുട്ടിയുടെ ഭക്ഷണ രുചി എന്താണെന്ന് അറിയും.

വലിയ ചികിത്സാ ഉപകരണങ്ങളും മരുന്നുകളും നിറഞ്ഞ ഈ സ്ഥലത്ത്, ഓരോ കുട്ടിയുടെയും ഭക്ഷണത്തെക്കുറിച്ചും കരുതൽ കാണിച്ച ഒരാൾ എന്നതാണ് ഷീലയുടെ അതുല്യത.

ഒരു സ്കൂളിൽ ദീർഘകാലം ലാസ്റ്റ് ഗ്രേഡ് അസിസ്റ്റന്റ് ആയിരുന്നു കണ്ണൻ. അധ്യാപകർക്ക് ആവശ്യമായ കാര്യങ്ങൾ ചെയ്യൽ, പ്രിൻസിപ്പലിനെ സഹായിക്കൽ, ഓഫീസ് ജോലികൾ ചെയ്യൽ, വിദ്യാർത്ഥികളെ ശ്രദ്ധിക്കൽ എന്നിങ്ങനെ എല്ലാം ചെയ്യും. അദ്ദേഹം വിരമിക്കുന്ന ദിവസം എത്തി.

സാധാരണഗതിയിൽ അധ്യാപകർ വിരമിച്ചാൽ, പണം സ്വരൂപിച്ച് എന്തെങ്കിലും സമ്മാനം നൽകി, യാത്രയയപ്പ് പ്രസംഗം നടത്തുന്നതാണ് പതിവ്.

മറ്റുള്ളവർ കാണാത്തവ കണ്ടവർ

പക്ഷേ, കണ്ണന് അങ്ങനെ ചെയ്യാൻ അധ്യാപകർ ആഗ്രഹിച്ചില്ല. 'ലാസ്റ്റ് ഗ്രേഡ് ജീവനക്കാരനല്ലേ. പ്രിൻസിപ്പലിന്റെ മുറിയിൽ വച്ച് ഒരു പൊന്നാട അണിയിക്കാം.' എന്ന് തീരുമാനിച്ചു.

ആ ദിവസം വൈകുന്നേരം, പൂർവ വിദ്യാർത്ഥികളിൽ പലരും സ്കൂളിൽ വരാൻ ആരംഭിച്ചു. നൂറിലുമധികം വിദ്യാർത്ഥികൾ വന്നെത്തിയപ്പോൾ അധ്യാപകർക്ക് ഒന്നും മനസ്സിലായില്ല. കണ്ണൻ വിരമിക്കുന്ന ചടങ്ങിൽ പങ്കെടുക്കാനാണ് അവർ എത്തിയതെന്ന് അറിയിച്ചു. വിദേശത്തു നിന്നു പോലും ചിലർ എത്തിയിട്ടുണ്ടായിരുന്നു. ഓരോരുത്തരും കണ്ണന്റെ കൈകളെ പിടിച്ചു കൊണ്ട് അഭിമാനത്തോടെ സംസാരിച്ചു. ഇത്രയും സമയം തന്റെ വിരമിക്കലിനെക്കുറിച്ച് ആശങ്കപ്പെടാത്ത കണ്ണന്റെ കണ്ണുകൾ ഇപ്പോൾ നിറഞ്ഞു.

'ഞാൻ ഗ്രൗണ്ടിൽ കാലിടറി വീണപ്പോൾ എന്നെ അദ്ദേഹം തന്റെതോളിൽചുമന്നുകൊണ്ടുപോയി.എന്റെകുടുംബത്തിന്റെ പക്കൽ ആശുപത്രി ചെലവിനു പോലും പണം ഉണ്ടായിരുന്നില്ല. അദ്ദേഹമാണ് പണം നൽകിയത്' എന്നു പറഞ്ഞു ഒരു പൂർവ വിദ്യാർത്ഥി.

'ഞാൻ കണക്കിൽ തോറ്റതിനാൽ എന്നെക്ലാസിനുവെളിയിൽമുട്ടുകുത്തി നിൽക്കാൻ പറഞ്ഞു അധ്യാപകൻ. എനിക്ക് ദിവസവും വൈകുന്നേരം കണക്ക് ട്യൂഷൻ എടുത്ത്, എന്നെ നല്ല മാർക്ക് വാങ്ങാൻ സഹായിച്ചത് അദ്ദേഹമാണ്. എന്നെപ്പോലെ ധാരാളം പേർ അദ്ദേഹത്തിന്റെ അടുത്ത് പഠിക്കുന്നുണ്ട്' എന്ന് പറഞ്ഞു മറ്റൊരാൾ. കണ്ണൻ എന്തോ പഠിപ്പിക്കുന്നുണ്ട് എന്നു മാത്രമേ അധ്യാപകർക്ക് അറിയുമായിരുന്നുള്ളൂ. അദ്ദേഹത്തിന് ഗണിതത്തിൽ ഇത്രയും മികവുണ്ടെന്ന് ആർക്കും അറിയില്ലായിരുന്നു.

ഓരോരുത്തർക്കും പറയാൻ ഇങ്ങനെ ഒരു അഭിമാനകഥ ഉണ്ടായിരുന്നു. ആ സ്കൂളിൽ വിരമിച്ച ഒരു അധ്യാപകനെയും യാത്രയാക്കാൻ ഇത്രയധികം വിദ്യാർത്ഥികൾ കൂട്ടമായെത്തിയിട്ടില്ല. അവർ എല്ലാ പേരും ചേർന്ന് ഒരു വലിയ തുക കണ്ണന് നൽകാനായി സമാഹരിച്ചിരുന്നു. കണ്ണൻ അതും സ്കൂളിന് നൽകി.

പ്രിൻസിപ്പലിന് അന്ന് ഒരു വലിയ യാത്രയയപ്പ് യോഗം നടത്തേണ്ടി വന്നു. 'ഞങ്ങൾ ക്ലാസിൽ മാത്രമാണ് കുട്ടികളെ ശ്രദ്ധിച്ചത്. ക്ലാസിന് വെളിയിൽ, ഞങ്ങൾ കാണാത്ത അവരുടെ പ്രശ്നങ്ങൾ കണ്ണൻ കണ്ടു. ഇനി ഞങ്ങളും അങ്ങനെ കാണണം എന്ന് ഞങ്ങളെ അദ്ദേഹം പഠിപ്പിച്ചിരിക്കുകയാണ്. കണ്ണൻ തുടർന്നും സഹായിയായിരിക്കണം. അദ്ദേഹം നൽകിയ പണത്തോടൊപ്പം ഞങ്ങളും ഒരു തുക ചേർത്ത് ഈ സേവനങ്ങൾ നൽകും.' എന്ന് പ്രിൻസിപ്പൽ പറഞ്ഞതും, എല്ലാവരും കരഘോഷം മുഴക്കി.

കുട്ടികളിൽ ധാർമ്മികബോധം വളർത്തണം

ഇന്നത്തെ കുട്ടികൾ മുതിർന്നവരേക്കാൾ കൂടുതൽ സാങ്കേതിവിദ്യകൾ അറിഞ്ഞിരിക്കുന്നവരാണ്. അത് അവരുടെ ഭാവനകളിലും വെളിപ്പെടുന്നുണ്ട്. ഒരു കുട്ടിയോട് മുത്തശ്ശി സാരോപദേശ കഥ പറഞ്ഞു. ദാഹത്തിൽ വലഞ്ഞ കാക്ക, കുടത്തിലെ വെള്ളത്തിൽ കല്ലിട്ട് വെള്ളം മുകളിലെത്തിച്ച് കുടിച്ച കഥ. കുട്ടി ആ കഥ ഇങ്ങനെ മാറ്റി. 'കുടത്തിൽ വെള്ളം ഏറ്റവും താഴെ ആയിരുന്നു. അത് കുടിക്കാൻ കഴിയില്ലെന്ന് മനസ്സിലാക്കി. കാക്ക ഉടനേ ഗൂഗിൾ മാപ്പ് നോക്കി, തൊട്ടടുത്ത് ഒരു കുളം ഉള്ളതായി മാപ്പിൽ കാണിച്ചു. കാക്ക ആ കുളത്തിൽ പോയി വെള്ളം കുടിച്ചു.' ഈ ഭാവന പ്രതീക്ഷിക്കാത്ത മുത്തശ്ശി അമ്പരന്നു.

മറ്റൊരു സാരോപദേശ കഥ. മുന്തിരിത്തോട്ടത്തിലെത്തിയ കുറുക്കൻ, കൊതിയോടെ മുന്തിരി കഴിക്കാൻ ശ്രമിച്ചു. മുന്തിരി ഉയരത്തിലായതിനാൽ എത്തിയില്ല. കയറിപ്പറിക്കാൻ ശ്രമിച്ച് പരാജയപ്പെട്ട കുറുക്കൻ, 'അയ്യേ, ഈ മുന്തിരി പുളിക്കും' എന്ന് പറഞ്ഞ് സ്ഥലം വിട്ടു. ഈ കഥ കേട്ട ഒരു കുട്ടി, 'മുന്തിരി പറിക്കാൻ കഴിയാതെ പോയതിനാൽ, ഉടനേ കുറുക്കൻ ഫോൺ എടുത്ത് ഭക്ഷണ ഡെലിവറി ആപ്പിലൂടെ ഒരു കിലോ മുന്തിരി ഓർഡർ ചെയ്തു. കാൽ മണിക്കൂറിൽ മുന്തിരി എത്തി. അങ്ങനെ സന്തോഷത്തോടെ അത് മധുരമുന്തിരി കഴിച്ചു' എന്ന് മാറ്റി.

കുട്ടികളിൽ ധാർമ്മികബോധം ശീലിപ്പിച്ചാൽ അവരുടെ ഭാവനകളിൽ ധാർമ്മികത നിറയും. എന്തൊക്കെ സ്വഭാവമഹിമകളാണ് അവർക്ക് വേണ്ടത്?

- കുട്ടിയുടെ വളർച്ചയിൽ കുടുംബം സുപ്രധാന പങ്ക് വഹിക്കുന്നുണ്ട്. എന്ത് പ്രശ്നം ഉണ്ടായാലും വിട്ടുകൊടുക്കാത്ത സ്നേഹവും കരുതലും അവർ അറിയണം. അതേ വികാരം അവർക്കും ഉണ്ടാകണം.

- എല്ലാവരോടും മര്യാദയോടെ പെരുമാറണം. രക്ഷിതാക്കളെയും മറ്റുള്ളവരെയും കണ്ടാണ് കുട്ടികൾ ബഹുമാനിക്കാൻ പഠിക്കുന്നത്. കൃത്യമായ റോൾ മോഡലുകൾ അവർക്ക് പരിചിതമാക്കണം.

- വെല്ലുവിളികളും പ്രശ്നങ്ങളും ഉണ്ടാകുമ്പോൾ വിട്ടുകൊടുത്തു പോകണം. ബന്ധങ്ങളിലും സൗഹൃദവലയങ്ങളിലും ബഹുമാനത്തോടെ പെരുമാറണം. പക്ഷേ, ഒറ്റയടിക്ക് വിട്ടുകൊടുത്താലും ആത്മാഭിമാനം നഷ്ടപ്പെടും. ഈ

വ്യത്യാസം ബോധ്യപ്പെടുത്തി, കുട്ടികളെ സമൂഹത്തിൽ പെരുമാറാൻ പഠിപ്പിക്കണം.

● സഹായം ആവശ്യമായ ആർക്കും സഹായഹസ്തം നീട്ടാൻ ശീലിപ്പിക്കണം. ഇത്തരത്തിൽ ദയാവായ്പോടെ വളരുന്ന കുട്ടികൾ, സമൂഹത്തിൽ ബഹുമാനിക്കപ്പെടും.

● ഭക്ഷണം, വസ്ത്രം, ശീലങ്ങൾ, ആരാധനാ രീതികൾ, സംസാരം എന്നിങ്ങനെ എല്ലാത്തിലും ഓരോരുത്തരും വ്യത്യസ്തരാണ്. ഈ വ്യത്യാസങ്ങൾ മാനിക്കണം, അവരെ തുല്യരായി കാണാനും കുട്ടികളെ ശീലിപ്പിക്കണം.

● ഒരു പ്രശ്നം ഉണ്ടാകുമ്പോൾ, നമ്മുടെ കുട്ടി തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ പോലും അതിനെ പിന്താങ്ങിയാൽ ആ കുട്ടിക്ക് ധാർമ്മികത മനസ്സിലാകാതെ പോകും. 'നീ ചെയ്തത് തെറ്റ്' എന്ന് പറഞ്ഞ്, ധാർമ്മികത അവർക്ക് ബോധ്യപ്പെടുത്തണം. ന്യായത്തിന്റെ ഭാഗത്ത് നിൽക്കാൻ അവർ പഠിക്കും.

● ആരോടും ദേഷ്യം തോന്നാം, അഭിപ്രായ വ്യത്യാസം ഉണ്ടാകാം, ചെറിയ ചെറിയ വഴക്കുകൾ ഉണ്ടാകാം. അവ എല്ലാം താൽക്കാലികമാണ്. അതിനാൽ, ഒരു ചുറ്റുപാടിലും ആരെയും മുറിവേൽപിക്കരുത് എന്ന് പറഞ്ഞു കൊടുക്കണം.

● ഭക്ഷണം, പുസ്തകങ്ങൾ, കളിപ്പാട്ടങ്ങൾ എന്നിങ്ങനെ എല്ലാം പങ്കുവയ്ക്കാനുള്ള ശീലം പ്രോത്സാഹിപ്പിക്കണം.

● മറ്റുള്ളവർക്ക് സ്വന്തമായ ഒന്നും സ്വന്തമാക്കാനുള്ള അത്യാഗ്രഹം പാടില്ലെന്ന് ബോധ്യപ്പെടുത്തണം. തങ്ങളുടെ പക്കൽ ഇല്ലാത്ത ഒന്ന് മറ്റൊരു കുട്ടിയുടെ പക്കൽ ഉണ്ടായിരിക്കുമ്പോൾ കുട്ടികൾക്ക് ആഗ്രഹം തോന്നും. 'ഈ ആഗ്രഹത്തിന് അതിരില്ല. ഇത് അസൂയയാണ്. അപകർഷതാ ബോധം ഉണ്ടാക്കും' എന്ന് അവരോട് പറയണം.

● മറ്റുള്ളവർ എന്തെങ്കിലും നേട്ടം കൈവരിക്കുമ്പോൾ അവരെ മനസ്സ് തുറന്ന് അഭിനന്ദിക്കുന്ന ഗുണം കുട്ടികൾക്ക് സ്വാഭാവികമായി ഉണ്ടാകണം. എല്ലാ നെഗറ്റീവ് ശീലങ്ങളും ഇല്ലാതാക്കുന്ന സദ്ഗുണമാണ് ഇത്. മറ്റുള്ളവരെ അഭിനന്ദിക്കുന്ന കുട്ടിക്കേ മറ്റുള്ളവരിൽ നിന്ന് ധാരാളം അഭിനന്ദനങ്ങൾ ലഭിക്കൂ.

● എല്ലാത്തിനെയും ഭയപ്പെടുന്ന കുട്ടിക്ക് ആത്മവിശ്വാസവും ആത്മബോധവും നഷ്ടപ്പെടും. കഠിനമായ ചുറ്റുപാടിൽ കാലിടറിപ്പോകും. ഏത് ചുറ്റുപാടും ധൈര്യത്തോടെ നേരിടാൻ അവരെ ശീലിപ്പിക്കണം. അവർ ധൈര്യത്തോടെ എന്തു ചെയ്താലും അഭിനന്ദിക്കണം.

● ഒരു കുട്ടി തന്നെക്കുറിച്ച് ഉന്നതമായി ചിന്തിക്കും. പക്ഷേ, മറ്റുള്ളവർ എന്തെങ്കിലുമൊക്കെ പറഞ്ഞ് വിമർശിക്കും. ആ വിമർശനം സ്വാഗതം ചെയ്യാനുള്ള പക്വത അവരിൽ ഉണ്ടാക്കണം. 'നമ്മുടെ അഭിപ്രായത്തിൽ നിന്ന് വ്യത്യസ്തമായ അഭിപ്രായം പലർക്കും ഉണ്ടാകാം' എന്ന് കുട്ടികൾക്ക് ബോധ്യപ്പെടണം.

● ഉത്തരവാദിത്തം ഏൽക്കാനുള്ള പക്വത ചെറുപ്രായത്തിലേ ഏർപ്പെടുത്തണം. ചെറിയ ചെറിയ ജോലികൾ അവരെ ഏൽപിക്കണം. അവ ശരിയായി ചെയ്യുമ്പോൾ അഭിനന്ദിക്കണം.

● വികാരങ്ങളിലെ ആത്മനിയന്ത്രണം കുട്ടികൾ ശീലിക്കണം. ഏത് ചുറ്റുപാടിലും വികാരങ്ങൾക്ക് അടിമയാകാതിരിക്കാൻ ശീലിപ്പിക്കണം.

● മടുപ്പ് തോന്നാതെ, പരിശ്രമം കൈവിടാതെ തുടർച്ചയായി ഒരു കാര്യം ചെയ്യാൻ ശീലിപ്പിക്കണം. ജീവിതം മുഴുവനും ഈ സ്ഥിരോത്സാഹം അവരെ ഉയരങ്ങളിൽ എത്തിക്കും. ●

നാം പഠിക്കേണ്ട സ്വഭാവമഹിമകൾ

മീൻ കുഞ്ഞ് ജനിക്കുമ്പോഴേ നീന്തുന്നതു പോലെ നമ്മളും ജനിക്കുമ്പോഴേ പല നല്ല സ്വഭാവമഹികളോടെയാണ് ജനിക്കുന്നത്. കുടുംബത്തിലും സമൂഹത്തിലും ഉള്ള അനുഭവങ്ങളിലൂടെ ബാക്കി പഠിക്കുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ജീവിതം കെട്ടിപ്പടുക്കുന്നത്.

പൊതു ഇടങ്ങൾ വൃത്തികേടാക്കുന്ന മനുഷ്യരോട്, 'ഇത് നിങ്ങളുടെ വീടായിരുന്നെങ്കിൽ ഇങ്ങനെ ചെയ്യുമായിരുന്നോ?' എന്ന ചോദ്യം ചോദിക്കുന്നു. വീടു പോലെ പൊതു ഇടങ്ങളും വൃത്തിയോടെ സൂക്ഷിക്കണം എന്ന സ്വഭാവമഹിമ നമ്മിൽ ഉള്ളതു കൊണ്ടാണ് അത്.

സൈറൺ മുഴക്കി വരുന്ന ആംബുലൻസിന് ട്രാഫിക്കിൽ വഴി വിടാതെ ചിലർ വാഹനം ഓടിക്കാറുണ്ട്. അത്തരത്തിലുള്ളവരെ കാണുമ്പോൾ, 'അവരുടെ ഉറ്റവർ ആരെങ്കിലുമാണ് ആ ആംബുലൻസിൽ എങ്കിൽ ഇങ്ങനെ ചെയ്യുമോ?' എന്ന ചോദ്യം ഉയരാറുണ്ട്. ആംബുലൻസ് ശബ്ദം കേൾക്കുമ്പോഴേ ഒതുങ്ങി വഴിവിട്ട് അതിൽ കൊണ്ടുപോകുന്ന രോഗി സുഖം പ്രാപിക്കണം എന്ന് പ്രാർത്ഥിക്കുന്ന സ്വഭാവമഹിമ നമുക്കുണ്ട്.

തിരക്കേറിയ ഒരു ബസിൽ ഒരു ഗർഭിണി ഒരു സ്റ്റോപ്പിൽ നിന്ന് കയറി ഇരിക്കാൻ സീറ്റില്ലാതെ ബുദ്ധിമുട്ടുമ്പോൾ, അരികിലുള്ള പലരും അത് കാണാത്ത പോലെ ഇരിക്കാറുണ്ട്. 'അവരുടെ കുടുംബത്തിലെ പെൺകുട്ടിയാണെങ്കിൽ ഇങ്ങനെ

ചെയ്യുമോ' എന്ന ചോദ്യം പലർക്കും ഉണ്ടാകും. ഗർഭിണിയോ അംഗപരിമിതരോ ബുദ്ധിമുട്ടിയാൽ അവർക്ക് ഉടനേ സഹായം ചെയ്യുന്നത് നമ്മുടെ സമൂഹം പഠിപ്പിച്ചു നൽകിയ സ്വഭാവ മഹിമയാണ്.

ഇത്തരത്തിൽ പല സന്ദർഭങ്ങളും പല ഉദാഹരണങ്ങളും പറയാം. സ്വഭാവമഹിമ ഇല്ലാത്ത ഒരു സമൂഹം അപകടകരമാണ്. എല്ലാവരും സ്വാർത്ഥരും അത്യാഗ്രഹികളും ആയിരുന്നാൽ അവിടെ മനുഷ്യത്വം തഴയ്ക്കില്ല. നിയമങ്ങളും സാമൂഹിക അച്ചടക്കങ്ങളും കൊണ്ട് ചിട്ടയായ ജീവിതം ഉറപ്പാക്കുന്ന ഇടങ്ങളിലാണ് സമാധാനം നിലനിൽക്കുന്നത്. അത്തരത്തിൽ സമാധാനം നിറഞ്ഞ ഇന്ത്യയിലാണ് നാം ജീവിക്കുന്നത് എന്നത് അഭിമാനിക്കേണ്ട കാര്യം.

ഓരോ രാജ്യത്തും നിയമങ്ങളും ചട്ടങ്ങളും വ്യത്യസ്തമായിരിക്കും. ചില രാജ്യങ്ങളിൽ നിയമാനുസൃതമായ ചില കാര്യങ്ങൾ മറ്റൊരു രാജ്യത്ത് നിയമവിരുദ്ധമായിരിക്കും. എന്നിരുന്നാലും എല്ലാ രാജ്യങ്ങളിലും മനുഷ്യർ ഉറപ്പായും പിന്തുടരേണ്ട ചില സ്വഭാവമഹിമകൾ ഉണ്ട്. അവ പഠിക്കണം.

• മുൻവിധികളോ മുൻഗണനകളോ ഇല്ലാതെ തുറന്ന മനസ്സോടെ എന്തിനെയും ആരെയും സമീപിക്കണം. അപ്പോൾ മനുഷ്യരെയും അവരുടെ അഭിപ്രായങ്ങളെയും മനസ്സിലാക്കാൻ കഴിയും. ഒന്നിനും ഗൂഢാർത്ഥം ചിന്തിക്കാതിരിക്കാൻ കഴിയും. മറ്റുള്ളവരോട് സ്നേഹം കാണിക്കാൻ കഴിയും. അവരിൽ നിന്ന് പഠിക്കാൻ കഴിയും.

• നാം തെറ്റ് ചെയ്താൽ അംഗീകരിക്കാനുള്ള സത്യസന്ധത ഉണ്ടായിരിക്കണം. അപ്പോഴേ ശരിയായി ചെയ്ത് ജയിക്കാൻ കഴിയൂ. അതേ പോലെ പണം, അന്തസ്സ്, പശ്ചാത്തലം എന്നിവ നോക്കി ആരെയും വ്യത്യസ്തരായി കാണാതെ, എല്ലാവരേയും തുല്യരായി കാണാനുള്ള സ്വഭാവമഹിമയും ഉണ്ടായിരിക്കണം.

• കുടുംബാംഗങ്ങളോടും സുഹൃത്തുക്കളോടും ബന്ധുക്കളോടും ജോലി ചെയ്യുന്ന സ്ഥാപനത്തിനോടും നല്ല അവസരങ്ങൾ നൽകുന്ന ദേശത്തിനോടും വിശ്വസ്തതയും സത്യസന്ധതയും കാണിക്കണം. ഈ വിശ്വാസം മനുഷ്യരെ നല്ല വികാരത്തോടെ നയിക്കും. ഏത് വസ്തുവും കൃത്യമായി ഉപയോഗപ്പെടുത്താനുള്ള കാര്യക്ഷമത മനസ്സിൽ വിതയ്ക്കും.

• സഹമനുഷ്യരെയും അവരുടെ വിശ്വാസത്തെയും മതിക്കണം. പൊതു ഇടങ്ങളും നമ്മുടെ സ്വത്തുക്കളെപ്പോലെ മാനിക്കുന്ന വികാരം ഉണ്ടാകണം. ആരെയും മുറിവേൽപിക്കരുത്, നമ്മുടെ ചുറ്റുപാടിൽ ഒരിടത്തും ദോഷകരമായ കാര്യങ്ങൾ ചെയ്യരുത്.

• എന്തു ജോലി ചെയ്താലും അത് മനസ്സറിഞ്ഞ് മികവോടെ ചെയ്യണം. 'ഇദ്ദേഹം ഈ ജോലി കൃത്യ സമയത്തും മികവോടെയും ഉത്തരവാദിത്തത്തോടെയും ചെയ്യും' എന്ന വിശ്വാസം ഉണ്ടാക്കണം. ഏത് പ്രതിസന്ധിയിലും ഏത് പ്രതികൂല സാഹചര്യത്തിലും പരിശ്രമം കൈവിടാതെ അധ്വാനിക്കണം.

• ഏത് സമയത്തും നിയമങ്ങൾ പാലിക്കാനുള്ള ഉത്തരവാദിത്തം കാണിക്കണം. വാഹനങ്ങളേ വരാത്ത അർധ രാത്രിയിലും സിഗ്നൽ പാലിക്കുന്ന കരുതലാണ് ആ ഉത്തരവാദിത്തം.

• മറ്റുള്ളവരുടെ വികാരങ്ങൾ മനസ്സിലാക്കി അവർക്ക് സഹായം ചെയ്യാനുള്ള മനസ്സ് ഉണ്ടാകണം. തെറ്റ് ചെയ്ത് കുറ്റബോധം കാണിക്കുന്ന ആരോടും ക്ഷമിക്കാനുള്ള ഉദാരത ഉണ്ടായിരിക്കണം. തനിക്ക് സഹായം ചെയ്യുന്ന ആരോടും നന്ദി കാണിക്കുന്ന സഹാനുഭൂതി ഉണ്ടായിരിക്കണം. എല്ലാവരോടും സ്നേഹത്തോടെ സംസാരിക്കണം.

• എത്ര ഉന്നതിയിലാണെങ്കിലും ആരോടും മുഖത്തടിച്ച് സംസാരിക്കാത്ത എളിമ വേണം. മറ്റുള്ളവരെ സഹായിക്കാൻ ഏത് നിലയിലേക്കും ഇറങ്ങിപ്പോകാനുള്ള ആത്മബോധം ഉണ്ടായിരിക്കണം. ഒന്നിനും അസ്വസ്ഥരാകാത്ത ക്ഷമയുടെ ഗുണവും കൈവരിക്കണം.

• നമ്മെയും നാം ഇരിക്കുന്ന ഇടത്തെയും വൃത്തിയോടെ സൂക്ഷിക്കണം. നാം ഇരിക്കുന്ന ചുറ്റുപാടിൽ ശുചിത്വം നഷ്ടപ്പെടുത്തുന്ന ഒന്നും ചെയ്യരുത്. ഈ ശുചിത്വം നമ്മുടെ മനസ്സിലും ഉണ്ടായിരിക്കണം.

• സമൂഹത്തോട് കൈകോർത്ത് അധ്വാനിക്കാൻ ശീലിപ്പിക്കപ്പെട്ടവരാണ് നാം. ഏത് ചുറ്റുപാടിലും ഒത്തൊരുമയോടെ പ്രവർത്തിക്കാനുള്ള ഗുണം കൈവരിക്കണം. അത് നമ്മെ ഏത് ഉയരത്തിലും കൊണ്ടെത്തിക്കും. •

രണ്ട് വഴികൾ

ഒരു കോളെജിൽ പ്രശസ്തനായ ഒരു പ്രൊഫസർ ഉണ്ടായിരുന്നു. തത്വശാസ്ത്രം, ചരിത്രം, രാഷ്ട്രീയം എന്നിങ്ങനെ പല മേഖലകളിൽ ധാരാളം പുസ്തകം രചിച്ച വ്യക്തി. മികച്ച പണ്ഡിതൻ എന്ന് എല്ലാവരും അദ്ദേഹത്തെ അഭിനന്ദിക്കാറുണ്ട്. താൻ ഏറ്റവും വലിയ ബുദ്ധിജീവി എന്ന അഹങ്കാരത്തിൽ അദ്ദേഹം തന്റെ ക്ലാസിലെ വിദ്യാർത്ഥികളെ അധിക്ഷേപിക്കും. വിദ്യാർത്ഥികളോട് പരസ്പര ബന്ധമില്ലാത്ത എന്തെങ്കിലും ചോദ്യങ്ങൾ ചോദിക്കും. ഉത്തരം അറിയാതെ അവർ ബുദ്ധിമുട്ടുമ്പോൾ, 'നിനക്ക് വിവരം ഉണ്ടോ? നിങ്ങളെപ്പോലുള്ള വിഡ്ഢികളെ പഠിപ്പിക്കേണ്ടി വന്നല്ലോ' എന്ന് സഹതപിക്കും.

ഒരു ദിവസം അദ്ദേഹം ഇത്തരത്തിൽ തന്റെ അറിവിനെക്കുറിച്ച് പുകഴ്ത്തിക്കൊണ്ടിരിക്കുമ്പോൾ ഒരു വിദ്യാർത്ഥിനി എഴുന്നേറ്റ്, 'ഒരാൾ അറിവ് എങ്ങനെയാണ് നേടുന്നത് സാർ?' എന്ന് ചോദിച്ചു. പെട്ടെന്ന് ചോദിച്ച ഈ ചോദ്യത്തിന് എന്ത് ഉത്തരം നൽകണം എന്ന് അറിയാതെ പ്രൊഫസർ കുഴങ്ങി. 'എനിക്ക് ഈ ചോദ്യത്തിന് ഉത്തരം അറിയില്ല' എന്ന് പറഞ്ഞു.

'എപ്പോഴും താങ്കളുടെ അറിവിനെക്കുറിച്ചും ഞങ്ങളുടെ വിഡ്ഢിത്തത്തെക്കുറിച്ചും താങ്കൾ സംസാരിക്കാറുണ്ടല്ലോ? ആ അറിവ് എങ്ങനെയാണ് വരുന്നത് എന്ന സാധാരണ ചോദ്യത്തിന് ഉത്തരം അറിയില്ലേ സാർ?' എന്ന് ആ വിദ്യാർത്ഥിനി വീണ്ടും ചോദിച്ചപ്പോൾ, ക്ലാസിൽ ചിരി ഉയർന്നു. പ്രൊഫസർ നിശ്ശബ്ദനായി.

പിറ്റേ ദിവസം അദ്ദേഹം. 'നിന്റെ ചോദ്യത്തെക്കുറിച്ച് ഇന്നലെ മുഴുവനും വായിച്ചു, ചിന്തിച്ചു. ഇപ്പോൾ ഉത്തരം പറയാം. ഒരാൾ ചിന്തിച്ച് ആത്മപരിശോധന നടത്തുന്നതിലൂടെയാണ് അറിവ് നേടുന്നത്. അറിവ് നേടാൻ ഇത് മാത്രമാണ് ഒരേയൊരു മാർഗം' എന്ന് പറഞ്ഞു. വിദ്യാർത്ഥിനി വീണ്ടും എഴുന്നേറ്റ്, 'നാം സ്വയം ചിന്തിച്ചാൽ മാത്രമേ അറിവ് നേടാൻ കഴിയുകയുള്ളൂവെങ്കിൽ, പിന്നെ എന്തിന് പഠിക്കാൻ വരണം? താങ്കളുടെ ക്ലാസ് എന്തിന് കേൾക്കണം?' എന്ന് ചോദിച്ചു.

ഇതിനും ഉത്തരം അറിയാതെ പ്രൊഫസർ കുഴങ്ങിയപ്പോൾ, ക്ലാസിൽ ചിരി മുഴങ്ങി. 'സാരമില്ല സാർ, താങ്കൾ ചിന്തിച്ച് നാളെ ഉത്തരം പറഞ്ഞാൽ മതി' എന്ന് പറഞ്ഞ് വിദ്യാർത്ഥിനി ഇരുന്നു.

പിറ്റേ ദിവസം ഒരു പുതിയ മനുഷ്യനായി ക്ലാസിൽ എത്തി പ്രൊഫസർ. 'ഇത്രയും നാളായി നിങ്ങളോട് ഞാൻ മോശമായി പെരുമാറി. എന്നോട് ക്ഷമിക്കണം' എന്ന് വിദ്യാർത്ഥികളോട് ഖേദം പ്രകടിപ്പിച്ച പ്രൊഫസർ, ആ വിദ്യാർത്ഥിനിയെ എഴുന്നേൽപിച്ചു. 'നീ എനിക്ക് സുപ്രധാന പാഠം പഠിപ്പിച്ചു. ഇപ്പോൾ എനിക്ക് മനസ്സിലായി. സ്വയം

ചിന്തിച്ചും അറിവ് നേടാം, മറ്റുള്ളവരിൽ നിന്നും നേടാം. അതിനാണ് വിദ്യാഭ്യാസം' എന്ന് പറഞ്ഞു.

'താങ്കൾ പറയുന്നത് ശരി. അറിവ് നേടാൻ മൂന്നാമത് മറ്റൊരു മാർഗവും ഉണ്ട്' എന്ന് പറഞ്ഞു വിദ്യാർത്ഥിനി 'അത് ഏത്, പറയൂ' എന്ന് പറഞ്ഞു. 'അനുഭവങ്ങളിലൂടെ നേടാം സാർ. ഇത്രയും നാൾ താങ്കളിൽ നിന്ന് അപമാനം അനുഭവിച്ചില്ലേ? ആ അനുഭവം ഞങ്ങൾക്ക് അറിവ് നൽകി. ഈ ക്ലാസിൽ താങ്കൾ ശബ്ദം ഇടറി നിന്നില്ലേ? ആ അനുഭവം താങ്കൾക്ക് അറിവ് നൽകി' വിദ്യാർത്ഥിനി പറഞ്ഞു.

'മനുഷ്യർ മൂന്ന് രീതിയിൽ അറിവ് നേടുന്നു' എന്ന് പറയുന്നു കൺഫ്യൂഷ്യസ്. വിവരങ്ങൾ മനസ്സിൽ വിശകലനം ചെയ്ത് പ്രതിഫലിപ്പിക്കുന്നത് ഒന്നാമത്തെ മാർഗം. അത് സത്യസന്ധമായത്. മറ്റുള്ളവരെ കണ്ട് അതു പോലെ ചെയ്യുന്നത് രണ്ടാമത്തെ മാർഗം. അത് ലളിതമായത്. അനുഭവങ്ങൾ കൊണ്ട് നേടുന്നത് മൂന്നാമത്തെ മാർഗം. അത് കയ്പുറ്റത്. മറ്റ് മാർഗങ്ങൾ ഉണ്ടെങ്കിലും ഇവയാണ് ആരംഭം.

സ്വഭാവമഹിമ വിദ്യാർത്ഥികളിൽ നിന്ന് അധ്യാപകർക്ക് പഠിക്കാം എന്നതിന് ഈ സംഭവം ഒരു ഉദാഹരണം. വിദ്യാർത്ഥികളെ അധ്യാപകർ പഠിപ്പിക്കും എന്നതിന് മറ്റൊരു ഉദാഹരണം. ഇത് ഒരാളുടെ ജീവിതത്തിൽ നടന്ന സംഭവം.

സ്കൂളിൽ പരീക്ഷാ സമയം. ഓരോ ക്ലാസിലും വിദ്യാർത്ഥികൾപരീക്ഷഎഴുതിക്കൊണ്ടിരിക്കുന്നു. ഒരു ക്ലാസിൽ ഒരു വിദ്യാർത്ഥി, മേശയ്ക്കടിയിൽ പുസ്തകം ഒളിപ്പിച്ചു വച്ച് കോപ്പി അടിക്കുന്നു. ക്ലാസ് ടീച്ചർ അത് ശ്രദ്ധിച്ചില്ല.

ഓരോക്ലാസിലുംവന്ന്നിരീക്ഷിച്ചപ്രിൻസിപ്പൽ, ആ വിദ്യാർത്ഥിയെ കൈയോടെ പിടികൂടി. ഉടനേ അവന് ശിക്ഷ വിധിക്കുകയും ചെയ്തു. ക്ലാസിലെ എല്ലാ വിദ്യാർത്ഥികളുടെയും മുന്നിൽ വച്ച് ഒരു വലിയ ചൂരൽ കൊണ്ട് ആറ് അടി ആണ് ഇത്തരം പ്രവർത്തികൾക്ക് നൽകുന്ന ശിക്ഷ.

കൈയിൽ ചൂരലുമായി ആ വിദ്യാർത്ഥിയുടെ അടുത്തേക്ക് എത്തി പ്രിൻസിപ്പൽ. പക്ഷേ അവനെ ശിക്ഷിക്കുന്നത് ക്ലാസ് ടീച്ചർ എതിർത്തു. 'അവൻ കോപ്പി അടിച്ചതിന് കാരണം ഞാനാണ്. ഞാൻ അവനെ ശരിയായി പഠിപ്പിച്ചിരുന്നെങ്കിൽ, അവൻ നന്നായി പരീക്ഷ എഴുതിയിരുന്നേനെ. അതിനാൽ, എന്നെ ശിക്ഷിക്കണം' എന്ന് പറഞ്ഞു ക്ലാസ് ടീച്ചർ.

ക്ലാസ് മുറി അമ്പരന്നു. പ്രിൻസിപ്പൽ ഇത് പ്രതീക്ഷിച്ചില്ല.എന്നിരുന്നാലുംശിക്ഷഒഴിവാക്കാൻ കഴിയില്ല. അത് സ്കൂളിന്റെ ചിട്ട തകർക്കും. ഒന്ന് ശങ്കിച്ചെങ്കിലും, നീതി നടപ്പാക്കണം എന്ന് തീരുമാനിച്ച് ടീച്ചർക്ക് നേരെ തിരിഞ്ഞു അദ്ദേഹം.

'ആ വിദ്യാർത്ഥി ചെയ്ത തെറ്റിന് ക്ലാസ് ടീച്ചറെ ശിക്ഷിക്കാൻ പോകുകയാണ്' എന്ന് പറഞ്ഞു അദ്ദേഹം. ഉടനേ ക്ലാസ് ടീച്ചർ അത് തിരുത്തി. 'ഇല്ല... അവൻ ചെയ്ത തെറ്റിന് അല്ല. ഞാൻ ചെയ്ത തെറ്റിന് എന്നെ ശിക്ഷിക്കണം' എന്ന് പറഞ്ഞ ശേഷം, അധ്യാപകൻ കൈ നീട്ടി നിന്നു.

പ്രിൻസിപ്പൽ ചൂരൽ ഓങ്ങിയപ്പോൾ, കോപ്പി അടിച്ച വിദ്യാർത്ഥി ഓടി വന്ന് അദ്ദേഹത്തിന്റെ കാലു കളിൽ കെട്ടിപ്പിടിച്ചു. 'ഞങ്ങളുടെ അധ്യാപകനെ അടിക്കരുത്. ഞാൻ ചെയ്തത് തെറ്റ്. എന്റെ തെറ്റിന് അദ്ദേഹത്തെ ശിക്ഷിക്കുന്നത് കണ്ടുനിൽക്കാൻ കഴിയില്ല. എന്നെ ശിക്ഷിക്കണം' എന്ന് കരഞ്ഞു പറഞ്ഞു. തന്റെ ക്ലാസ് ടീച്ചറിനോട് കൈ കൂപ്പി, 'ഞാൻ ഇനി ശരിയായി പഠിക്കാം. ഒരിക്കലും കോപ്പി അടിക്കില്ല' എന്ന് പറഞ്ഞു. പ്രിൻസിപ്പൽ ചൂരൽ ഒടിച്ച് വലിച്ചെറിഞ്ഞു.

'ഏതാണ് തെറ്റ്' എന്നതിനുള്ള പുതിയ ഉത്തരം അന്ന് ആ സ്കൂൾ അറിഞ്ഞു. ശിക്ഷ നൽകാതെ തന്നെ വിദ്യാർത്ഥികൾ പുതിയ പാഠം പഠിച്ചു. •

നിങ്ങളുടെ പക്കൽ ഉന്നതമായ മൂല്യങ്ങൾ ഉണ്ടോ?

ഇക്കാര്യങ്ങൾ നിങ്ങളുടെ പക്കൽ ഉണ്ടെങ്കിൽ, നിങ്ങൾ സ്വഭാവമഹിമയും ഉന്നതമായ മൂല്യവും ഉള്ള വ്യക്തി എന്നർത്ഥം.

- നിങ്ങളുടെ അഭിപ്രായങ്ങൾക്ക് എതിരായി വാദിക്കുന്നവരോടു പോലും ശബ്ദം ഉയർത്തി സംസാരിക്കരുത്. എതിർവാദം ഉന്നയിച്ചാലും മര്യാദ ഇല്ലാതെ പെരുമാറരുത്.
- എവിടെയും പറഞ്ഞ സമയത്ത് എത്തണം. നൽകിയതിനേക്കാൾ കൂടുതൽ സമയം എടുക്കരുത്. ബഹുമാനം കാണിക്കും.
- ആകാരം വച്ചും സംസാരം വച്ചും ആരെയും അളക്കരുത്. മറ്റുള്ളവരുടെ തരം അളക്കുന്നത് നമ്മുടെ ജോലി അല്ല.
- മറ്റുള്ളവരെ പ്രോത്സാഹിപ്പിച്ചാൽ നമ്മുടെപ്രവർത്തികൾക്കുംഎവിടെനിന്നെങ്കിലും പ്രോത്സാഹനം ലഭിക്കും. മറ്റുള്ളവരെ അഭിനന്ദിച്ചാൽ, നമുക്കും അഭിനന്ദനം ലഭിക്കും.
- പുറം തിരിഞ്ഞ് ആരെയും കുറ്റം പറയരുത്. സ്നേഹിക്കുന്ന മനുഷ്യരെ ഒരു ചുറ്റുപാടിലും വിട്ടുകൊടുക്കരുത്.
- നിങ്ങൾ കാണുന്ന എല്ലാ വിഷയങ്ങളെ ക്കുറിച്ചും അഭിപ്രായം പറയേണ്ട ആവശ്യമില്ല. ചില ചുറ്റുപാടുകളിൽ നിശ്ശബ്ദരായിരി ക്കുന്നതാണ് ഉത്തമം.
- 'ഇത് നിനക്ക് ചെയ്യാൻ കഴിയില്ല' എന്ന് ആരെങ്കിലും പറഞ്ഞാൽ വിശ്വസിക്കരുത്. അവരുടെ കഴിവ് വച്ചാണ് ആ പ്രവർത്തിയെ അവർ കണക്കാക്കുന്നത്. നിങ്ങളുടെ കഴിവ് നിങ്ങൾ അറിയണം.



ആത്മവിശ്വാസം നൽകുന്ന സ്വഭാവമഹിമ

- നിങ്ങൾസ്നേഹിക്കുന്നവർക്ക്സഹായം ചെയ്യാൻ ഒരു അതിർവരമ്പും പറയരുത്.
- ആർക്കെങ്കിലും വാക്ക് നൽകിയിട്ടുണ്ടെ ങ്കിൽ അത് തീർച്ചയായും പാലിക്കണം.
- അശ്രാന്തപരിശ്രമം വിജയം നൽകും. ശരി എന്ന് വിശ്വസിക്കുന്നത് ധൈര്യമായി ചെയ്യണം.
- ഉദാരത കാണിക്കണം, നിങ്ങൾക്ക് ധാരാളം നന്മകൾ വന്നണയും.
- ജീവിതത്തിൽ അസാധാരണമായ സാധനകൾ സാധ്യമാണെന്ന് വിശ്വസിക്കണം.
- ഒരു ചുറ്റുപാടിലും ആത്മവിശ്വാസം കൈവെടിയരുത്. ലോകം തന്നെ വിശ്വാസം എന്ന അച്ചാണിയിലാണ് ചലിക്കുന്നത്.
- എല്ലാ സ്വപ്നങ്ങളും യാഥാർത്ഥ്യമാകും. അതിനായി അധ്വാനിക്കേണ്ടത് നിങ്ങളാണ്.
- ഒരിക്കലും ക്ഷമ കൈവെടിയരുത്. നല്ല ഫലങ്ങൾക്കായി കാത്തിരിക്കുക തന്നെ വേണം.

അത് എനിക്ക് കഴിയില്ല

ഒരു ഗ്രാമത്തിൽ തച്ചുപണിചെയ്തിരുന്ന ഒരു തച്ചൻ തന്റെ ചുറ്റിക മറന്ന കാര്യം വൈകിയാണ് തിരിച്ചറിഞ്ഞത്. ആ ഗ്രാമത്തിലുള്ള കൊല്ലനോട് സഹായം അഭ്യർത്ഥിച്ചു. അദ്ദേഹം തന്റെ പക്കൽ ഉണ്ടായിരുന്ന ചുറ്റിക കടമായി നൽകി. കാണാൻ അത് നല്ല ഭംഗിയുള്ളതായിരുന്നു. അത് ഉപയോഗപ്പെടുത്തിയ നിമിഷം തന്നെ വ്യത്യാസം തിരിച്ചറിഞ്ഞു തച്ചൻ. പ്രശസ്ത സ്ഥാപനങ്ങളുടെചുറ്റികകളേക്കാൾമികവുറ്റത്.

അത് തിരികെ നൽകാൻ ചെന്നപ്പോൾ, 'ഈ ചുറ്റിക നന്നായിരിക്കുന്നു' എന്ന് പറഞ്ഞു അദ്ദേഹം. 'ഞാൻ എന്റെ ഉലയിൽ

അധ്വാനത്തിൽ വിശ്വസിക്കുന്നു

തന്റെ നാട്ടിലെ ജനങ്ങൾ അധ്വാനത്തിലാണോ വിശ്വസിക്കുന്നത് അതല്ല കുറുക്കു വഴിയിൽ ഭാഗ്യം തേടി മുന്നേറാനാണോ തുനിയുന്നത് എന്ന് അറിയാൻ ഒരു രാജാവ് ആഗ്രഹിച്ചു. അതിനായി ഒരു ഗ്രാമം തിരഞ്ഞെടുത്തു. 'ഈ ഗ്രാമത്തിലുള്ള എല്ലാവർക്കും കൊട്ടാരത്തിൽ രാജാവ് വിരുന്നു നൽകുന്നു' എന്ന് രാജസഭയിൽ നിന്ന് അറിയിപ്പ് വന്നു.

വിരുന്നിനു പോയാൽ രാജാവ് വിലയുയർന്ന സമ്മാനങ്ങൾ നൽകും എന്ന അത്യാഗ്രഹത്തിൽ ജനങ്ങൾ കൂട്ടത്തോടെ കൊട്ടാരത്തിലേക്ക് തിരിച്ചു. എല്ലാവരും കൊട്ടാരത്തിൽ പോയ സമയത്ത് രാജാവ് പ്രച്ഛന്നവേഷത്തിൽആഗ്രാമത്തിൽഎത്തി. ആ നാട് മുഴുവനും കാലിയായിരിക്കുന്നു. ഒരേയൊരു സ്ത്രീ മാത്രം ഒറ്റയ്ക്ക് വയലിൽ ജോലി ചെയ്തു കൊണ്ടിരിക്കുന്നു.

അതു കണ്ട് ആശ്ചര്യപ്പെട്ട രാജാവ് ആ സ്ത്രീയോട് വിവരം തിരക്കി. 'നിങ്ങൾക്ക് കാര്യം അറിയില്ലേ? രാജാവ് കൊട്ടാരത്തിൽ വിരുന്ന് നൽകുന്നുണ്ട്. അത് കഴിക്കാനും തങ്ങൾക്ക് ഭാഗ്യവശാൽ എന്തെങ്കിലും സമ്മാനം ലഭിക്കുമെന്നും കരുതി എല്ലാവരും പോയിരിക്കുകയാണ്' എന്ന് പറഞ്ഞു അവർ. 'നിങ്ങൾപോയില്ലേ?'എന്ന്രാജാവ്ചോദിച്ചപ്പോൾ, 'എനിക്ക്ഭാഗ്യത്തിൽവിശ്വാസമില്ല.അധ്വാനിച്ചലേ ശമ്പളം ലഭിക്കൂ. ഇന്ന് ലഭിക്കുന്ന ശമ്പളം കൊണ്ടു മാത്രമേ എന്റെ കുടുംബത്തിന് ഭക്ഷണം നൽകാൻ കഴിയൂ. അത് നഷ്ടപ്പെടുത്തിയാൽ അവരെ നോക്കാൻ കഴിയില്ല. അതു കൊണ്ട് ഞാൻ പോയില്ല' എന്ന് പറഞ്ഞു അവർ.

ഇതു കേട്ട് രാജാവിന് അഭിമാനം തോന്നി. 'സ്ത്രീയേ, എല്ലാവരും ഭാഗ്യം പ്രതീക്ഷിച്ച് രാജാവിന്റെ വിരുന്നിന് പോയെന്ന് പറഞ്ഞല്ലോ. ആ രാജാവ് തന്നെ നിങ്ങളെ തേടി വന്ന് സമ്മാനം നൽകി എന്ന് എല്ലാവരോടും പറയണം' എന്ന് പറഞ്ഞ് ആ സ്ത്രീക്ക് സ്വർണനാണയക്കിഴി നൽകിയ ശേഷം പുറപ്പെട്ടു രാജാവ്.

അധ്വാനമാണ് യഥാർത്ഥ ഭാഗ്യം.

ഉണ്ടാക്കിയതാണ്' എന്നു പറഞ്ഞു കൊല്ലൻ. ഈ കുഗ്രാമത്തിൽ ഇത്രയും കഴിവുറ്റ വ്യക്തിയോ എന്ന് അത്ഭുതപ്പെട്ടു തച്ചൻ. കൊല്ലന്റെ കഴിവിനെ പ്രശംസിച്ച ശേഷം തന്റെ ഉപയോഗത്തിന് നാലഞ്ച് ചുറ്റികകൾ കൂടി വാങ്ങി.

അദ്ദേഹം നഗരത്തിലേക്ക് കൊണ്ടു പോയ ആ ചുറ്റികകൾ കണ്ട് അത്ഭുതപ്പെട്ട ധാരാളം പേർ ഗ്രാമത്തിൽ കൊല്ലനെ തേടി എത്തി. ഒരു കോൺട്രാക്ടർ മൊത്തത്തിൽ 20 ചുറ്റിക ചോദിച്ചു. 'ആ തച്ചന് നൽകിയതിനേക്കാൾ മികവുറ്റതായിരിക്കണം' എന്ന് പറഞ്ഞു. 'അങ്ങനെ പറയരുത്. ഞാൻ ആർക്കു ചെയ്താലും തരം മികച്ചതായിരിക്കും' എന്നു പറഞ്ഞു കൊല്ലൻ.

വളരെ വേഗം അദ്ദേഹത്തിന്റെ കഴിവ് പ്രശസ്തമായി. ഒരു സ്ഥാപനത്തിൽ നിന്ന് ആൾക്കാർ എത്തി. 'മറ്റുള്ളവർ തന്നതിനേക്കാൾ ഒന്നരമടങ്ങ് കൂടുതൽ നൽകാം. നിങ്ങളുടെ എല്ലാ ചുറ്റികകളും ഞങ്ങൾക്ക് വിൽക്കണം,' എന്ന് പറഞ്ഞു.

കൊല്ലൻനിരസിച്ചു.'എനിക്ക്ഈവരുമാനംമതി. എനിക്ക് അത്യാഗ്രഹം ഉണ്ടായാൽ, ചുറ്റികയുടെ വില ഉയരും. അതിലൂടെ സാധാരണക്കാർക്ക് നഷ്ടം ഉണ്ടാകും. എന്റെ കഴിവ് അവർക്ക് ഉപയോഗപ്പെടട്ടെ' എന്നു പറഞ്ഞു അദ്ദേഹം.

കഴിവുംസത്യസന്ധതയുംഉള്ളവർഎല്ലാവരുടെ നന്മയെക്കുറിച്ചും ചിന്തിക്കും.

സ്വഭാവ മഹിമ രൂപപ്പെടുത്തണം

ഒരു വിത്തിൽ നിന്ന് ഒരു പടുകൂറ്റൻ മരം വളരുന്നതു പോലെ, ചില നിശ്ചിത ശീലങ്ങളിൽ നിന്നാണ് സ്വഭാവമഹിമകളും രൂപപ്പെടുന്നത്. തത്വജ്ഞാനികളായ പ്ലേറ്റോ, അരിസ്റ്റോട്ടിൽ എന്നിവർ ഇതു തന്നെയാണ് പറഞ്ഞതും. നീതി, സത്യം, സ്നേഹം, അഴക്, നന്മ എന്നീ അഞ്ച് അടിസ്ഥാന മതിപ്പുകളിൽ നിന്നാണ് എല്ലാ സ്വഭാവമഹിമകളും രൂപപ്പെടുന്നത്.

ഒരാൾ തനിക്കുള്ള സ്വഭാവമഹിമകൾ രൂപപ്പെടുത്തുന്നത് എങ്ങനെ?

◆ ജീവിതത്തിൽ നിങ്ങൾക്ക് ഏതാണ് പ്രധാനം? നിങ്ങൾ എന്തൊക്കെയാണ് വിശ്വസിക്കുന്നത്? നിങ്ങളുടെ ദീർഘകാല ലക്ഷ്യങ്ങൾ എന്തൊക്കെയാണ്? നിങ്ങളെ ഈ ലോകം എങ്ങനെ വിലയിരുത്തണമെന്നാണ് നിങ്ങൾ പ്രതീക്ഷിക്കുന്നത്? ഇത്തരത്തിൽ നിങ്ങളൂടെ വിശ്വാസങ്ങളും ലക്ഷ്യങ്ങളുമാണ് നിങ്ങളുടെ പ്രവർത്തികൾ നിർണയിക്കുന്നത്.

◆ നിങ്ങളുടെ ജീവിതത്തിലും ചെയ്യുന്ന ജോലിയിലും അല്ലെങ്കിൽ തൊഴിലിലും എന്തൊക്കെ കാര്യങ്ങൾ മതിപ്പായി കാണുന്നു? ആ മതിക്കുന്നശീലങ്ങൾനിങ്ങളുടെപ്രവർത്തികളിലും തീരുമാനങ്ങളിലും പ്രതിഫലിക്കും. ഏതാണ് ശരി, ഏതാണ്തെറ്റ്എന്ന്വേർതിരിച്ചറിയാനുള്ളപക്വത നൽകും. സത്യസന്ധത, അന്തസ്സ്, ബഹുമാനം, ഉത്തരവാദിത്തബോധം, കരുണ എന്നിങ്ങനെയുള്ളവ നിങ്ങളുടെ മതിപ്പ് തീരുമാനിക്കും.

◆ നിങ്ങളുടെ റോൾ മോഡലുകൾ തിരിച്ചറിയണം. നിങ്ങൾ ബഹുമാനിക്കുന്ന മനുഷ്യരുടെ ജീവിതം നോക്കണം. അവർ എന്തൊക്കെയാണ് മതിക്കുന്നത്? എത്തരത്തിലുള്ള തത്വങ്ങളുമായാണ് ജീവിക്കുന്നത്? ആ വിലയിരുത്തലുകളും തത്വങ്ങളും അവരുടെ ജീവിതത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടാക്കിയത്? ഇവയെല്ലാം കണ്ട് പഠിക്കണം.

◆ നിങ്ങൾക്കു വേണ്ടി ചില തത്വങ്ങൾ രൂപപ്പെടുത്തണം. ആ തത്വങ്ങൾക്ക് അനുസൃതമായി ജീവിക്കാൻ ശീലിക്കണം. നിങ്ങളുടെ പ്രവർത്തികളിൽ അവ പ്രതിഫലിപ്പിക്കണം. നിങ്ങളുടെ വളർച്ച അവയുടെ അടിത്തറയിലായിരിക്കണം.

◆ മറ്റുള്ളവരോട് സത്യസന്ധരായിരിക്കുന്നതിനു മുമ്പ്, നാം നമ്മോട് സത്യസന്ധത പാലിക്കണം.

◆ നമ്മുടെ ചിന്തയ്ക്കും പ്രവർത്തിക്കും വ്യത്യാസം ഉണ്ടായിരിക്കരുത്. നമ്മുടെ വാക്കിനും പ്രവർത്തിക്കും വ്യത്യാസം ഉണ്ടായിരിക്കരുത്.

◆ വാക്കു കൊണ്ടും പ്രവൃത്തി കൊണ്ടും ആരെയും മുറിവേൽപിക്കരുത്. ബഹുമാനിക്കണം.

◆ 'ഇദ്ദേഹത്തോട് സംസാരിച്ചാൽ പുലിവാല് പിടിച്ചതു പോലെയാണ്' എന്ന് ആരും ചിന്തിക്കുന്ന വിധം ആയിരിക്കരുത് നമ്മുടെ സംസാരം.

◆ ജീവിതത്തിലെ ഓരോ പടിയിലും സ്വഭാവമഹിമ വെളിപ്പെടണം. അറിവിന്റെ വെളിച്ചം നിങ്ങളെ നയിക്കണം. ശേഷം നിങ്ങൾ കൈവരിക്കുന്നത് ഉന്നതിയും വിജയവും മാത്രമായിരിക്കും. ●

Owned, Published by K.R. NAGARAJAN, Published from 10, Sengunthapuram Mangalam Road, TIRUPUR - 641 604 &
Printed by B. ASHOK KUMAR at RATHNA OFFSET PRINTERS,
40, Peters Road, Royapettah, Chennai - 600 014. Editor : T.J. GNANAVEL



SUKRA SUPER FINE COTTON VESTS | ROMEX SUPERIOR BANIANS | RISE-UP PREMIUM BANIANS | ACOSTE LUXURY INNERWEARS | Breeze Eye Let Vests | WinStripe STRIPED BANIANS | ARCHERY GYM VEST | COMPACT PREMIUM COTTON RIB VESTS | LITTLE STARS KIDS INNERWEARS

Available at Ramraj Showrooms and All Leading Textile Shops | Shop Online at www.ramrajcotton.in

Venma Monthly - Postal Registration No. TN/TRU/31/2024-26. Registered with the Registrar of Newspapers for India under No.TNMAL/2017/75251.
Day of Publishing: 01-02-2026. Posted at Tirupur BPC on 5th of every month.

Available at Ramraj Showrooms And All Leading Textile Shops